# 1 കൊരിന്ത്യർ

1 ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിൻെറ
അപ്പൊസ്തലനായി വിളിക്കപ്പെട്ട
പൗലൊസും നമ്മുടെ സഹോദരനായ സോസ്
തെനേസും,
2കൊരിന്തിലുള്ള ദൈവസഭയ്ക്ക് എഴു
തുന്നത്: നമ്മുടെ കർത്താവായ യേശുക്രിസ്തു
വിൻെറ നാമം വിളിച്ചപേക്ഷിക്കുന്നവരായി
എല്ലായിടങ്ങളിലുമുള്ള എല്ലാവരോടുംകൂടെ
നിങ്ങൾ ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്ക
പ്പെട്ടവരും വിശുദ്ധരായി വിളിക്കപ്പെട്ടവരും
ആകുന്നു. അവിടുന്ന് നമ്മുടെയും അവരുടെയും
കർത്താവുതന്നേ.
3നമ്മുടെ പിതാവായ ദൈവത്തിൽനിന്നും
കർത്താവായ യേശുക്രിസ്തുവിൽനിന്നും
നിങ്ങൾക്കു കൃപയും സമാധാനവും
ഉണ്ടാകട്ടെ.

*സ്തോത്രാർപ്പണം*

4ക്രിസ്തുയേശുവിൽ നിങ്ങൾക്കു നല്കപ്പെട്ട
കൃപ നിമിത്തം ഞാൻ നിങ്ങൾക്കുവേണ്ടി എ
പ്പോഴും ദൈവത്തിനു സ്തോത്രം ചെയ്യുന്നു.
5നിങ്ങൾക്കു ക്രിസ്തുയേശുവിൽ എല്ലാവി
ധത്തിലും- നിങ്ങളുടെ സകല സംസാരത്തിലും
സകല ജ്ഞാനത്തിലുംതന്നെ- സമൃദ്ധി ലഭിച്ചി
രിക്കുന്നു; 6എന്തെന്നാൽ ക്രിസ്തുവിനെക്കുറി
ച്ചുള്ള ഞങ്ങളുടെ സാക്ഷ്യം നിങ്ങളിൽ ഉറപ്പാ
യിരിക്കുന്നുവല്ലോ. 7ആകയാൽ നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൻെറ പ്രത്യ
ക്ഷതയ്ക്കായി കാത്തിരിക്കുന്ന നിങ്ങൾക്ക്
ആത്മീയവരങ്ങളിൽ ഒന്നിലും കുറവില്ല.
8നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ
ദിവസത്തിൽ നിങ്ങൾ കുറ്റമറ്റവരായി
രിക്കേണ്ടതിന് അവിടുന്ന് നിങ്ങളെ അവസാന
ത്തോളം ശക്തീകരിക്കും. 9തൻെറ പുത്രനും
നമ്മുടെ കർത്താവുമായ യേശുക്രിസ്തു
വിൻെറ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരി
ക്കുന്ന ദൈവം വിശ്വസ്തൻ.

*സഭയിലെ വിഭാഗീയത*

10സഹോദരരേ, നിങ്ങളുടെ ഇടയിൽ ഒരു
ഭിന്നിപ്പുമില്ലാതെ, നിങ്ങൾ ഒരേ മനസ്സും ഒരേ
ചിന്തയും ഉള്ളവരായിരിക്കാൻ തക്കവണ്ണം തി
കഞ്ഞ ഐകമത്യം പാലിക്കണമെന്നു നമ്മുടെ
കർത്താവായ യേശുക്രിസ്തുവിൻെറ നാ
മത്തിൽ ഞാൻ അപേക്ഷിക്കുന്നു. 11എൻെറ സ
ഹോദരരേ, നിങ്ങളുടെയിടയിൽ ഭിന്നതകൾ ഉ
ണ്ടെന്നു ക്ലോവയുടെ കുടുംബത്തിൽപ്പെട്ട
ചിലർ എന്നെ അറിയിക്കുകയുണ്ടായി. 12അതാ
യത്, നിങ്ങളിൽ ഒരാൾ "ഞാൻ പൗലൊസിൻെറ
പക്ഷക്കാരൻ" എന്നും മറ്റൊരാൾ "ഞാൻ അ
പ്പൊല്ലോസിൻെറ പക്ഷക്കാരൻ" എന്നും വേ
റൊരാൾ "ഞാൻ കേഫാവിൻെറ പക്ഷക്കാരൻ"
എന്നും ഇനിയും ഒരാൾ "ഞാൻ ക്രിസ്തു
വിൻെറ പക്ഷക്കാരൻ" എന്നും പറയുന്നു.
13ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ?
പൗലൊസാണോ നിങ്ങൾക്കുവേണ്ടി ക്രൂശിക്ക
പ്പെട്ടത്? പൗലൊസിൻെറ നാമത്തിലോ നിങ്ങൾ
സ്നാനപ്പെട്ടത്? 14ക്രിസ്പൊസിനെയും
ഗായൊസിനെയും ഒഴികെ നിങ്ങളിൽ മറ്റാരെയും
ഞാൻ സ്നാനം കഴിപ്പിച്ചിട്ടില്ലാത്തതിനാൽ
ദൈവത്തെ സ്തുതിക്കുന്നു. 15അതുകൊണ്ട്
എൻെറ നാമത്തിൽ സ്നാനപ്പെട്ടിരി
ക്കുന്നുവെന്ന് നിങ്ങളിലാർക്കും പറയാൻ സാ
ധ്യമല്ല. (16സ്തെഫാനൊസിൻെറ വീട്ടു
കാരെയും ഞാൻ സ്നാനം കഴിപ്പിച്ചു; വേറെ
ആരെയെങ്കിലും സ്നാനം കഴിപ്പിച്ചതായി ഞാൻ
ഓർക്കുന്നില്ല.) 17ക്രിസ്തു എന്നെ അയച്ചിരി
ക്കുന്നതു സ്നാനം കഴിപ്പിക്കുവാനല്ല, സുവി
ശേഷം അറിയിക്കുവാനാണ്- അതാകട്ടെ, ക്രി
സ്തുവിൻെറ ക്രൂശിനുള്ള ശക്തി നഷ്ടമാകാ
തിരിപ്പാൻ, ജ്ഞാനത്തിൻെറ വാഗ്വൈ
ഭവത്തോടെ അല്ല താനും.

*ക്രിസ്തു- ദൈവിക ജ്ഞാനവും*
*ദൈവിക ശക്തിയും*

18ക്രൂശിൻെറ വചനം നശിച്ചുപോകുന്നവർ
ക്കു ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ
ദൈവശക്തിയും ആകുന്നു.
19"ജ്ഞാനികളുടെ ജ്ഞാനം ഞാൻ
നശിപ്പിക്കും; ബുദ്ധിമാന്മാരുടെ ബുദ്ധി

ഞാൻ നിഷ്ഫലമാക്കും."[a]
എന്ന് എഴുതിയിരിക്കുന്നുവല്ലോ.
20ജ്ഞാനി എവിടെ? പണ്ഡിതൻ എവിടെ?
ഈ ലോകത്തിലെ തത്ത്വജ്ഞാനി എവിടെ?
ലോകത്തിൻെറ ജ്ഞാനത്തെ ദൈവം ഭോ
ഷത്തമാക്കിയില്ലയോ? 21ലോകം അതിൻെറ
ജ്ഞാനത്തിൽ ദൈവത്തെ അറിയാ
ഞ്ഞതുകൊണ്ട് വിശ്വസിക്കുന്നവരെ തൻെറ
ജ്ഞാനത്തിൽ, പ്രസംഗത്തിൻെറ ഭോഷത്തം
മുഖേന രക്ഷിക്കാൻ ദൈവത്തിനു പ്രസാദം
തോന്നി. 22യഹൂദർ അടയാളങ്ങൾ
ആവശ്യപ്പെടുന്നു. ഗ്രീക്കുകാർ ജ്ഞാനം അ
ന്വേഷിക്കുന്നു. 23ഞങ്ങളാകട്ടെ യഹൂദർക്ക്
ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ
ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.
24ദൈവത്താൽ വിളിക്കപ്പെട്ട ഏവർക്കും-
യഹൂദർക്കും ഗ്രീക്കുകാർക്കും- ക്രിസ്തു
ദൈവശക്തിയും ദൈവജ്ഞാനവും ആകുന്നു.
25ദൈവത്തിൻെറ ഭോഷത്തം മനുഷ്യൻെറ
ജ്ഞാനത്തെക്കാൾ വിവേകമുള്ളതും
ദൈവത്തിൻെറ ബലഹീനത മനുഷ്യൻെറ
ബലത്തെക്കാൾ ശക്തവുമാണ്.
26സഹോദരരേ, നിങ്ങളുടെ വിളിയെപ്പറ്റി
ചിന്തിക്കുവിൻ. മാനുഷിക മാനദണ്ഡമനുസരി
ച്ചു നിങ്ങളിൽ മിക്കവരും വിവേകശാലികളായി
രുന്നില്ല; സമൂഹത്തിൽ സ്വാധീനമുള്ളവരോ കു
ലീനരോ ആയിരുന്നതുമില്ല. 27എന്നാൽ ജ്ഞാ
നികളെ ലജ്ജിപ്പിക്കുവാൻ ദൈവം ലോകത്തിൽ
ഭോഷത്തമായവ തിരഞ്ഞെടുത്തു. ശക്തമായവ
യെ ലജ്ജിപ്പിക്കുവാൻ ദൈവം ബലഹീനമായവ
തിരഞ്ഞെടുത്തു. 28ഉള്ളതിനെ ഇല്ലാതെയാക്കു
വാൻ ദൈവം ഈ ലോകത്തിലെ ഹീനവും നിന്ദി
തവുമായ കാര്യങ്ങൾ, ഒന്നുമല്ലാത്തവയെത്ത
ന്നേ തിരഞ്ഞെടുത്തു; 29അവിടുത്തെ സന്നിധി
യിൽ ആരും പ്രശംസിക്കാതിരിക്കേണ്ടതിനുത
ന്നേ. 30അവിടുന്നു മുഖേനയാണ് നിങ്ങൾ ക്രി
സ്തുയേശുവിലായിരിക്കുന്നത്. ക്രിസ്തു നമു
ക്കുവേണ്ടി ദൈവത്തിൽനിന്നുള്ള ജ്ഞാനവും
നീതിയും വിശുദ്ധിയും വീണ്ടെടുപ്പും
ആയിത്തീർന്നു. 31അതുകൊണ്ട്, എഴുതപ്പെട്ടി
രിക്കുന്നതുപോലെ "പ്രശംസിക്കുന്നവൻ
കർത്താവിൽ പ്രശംസിക്കട്ടെ."[b]

2 സഹോദരരേ, ഞാൻ നിങ്ങളുടെ അടു
ക്കൽ വന്നപ്പോൾ, ദൈവത്തെക്കുറിച്ചുള്ള
സാക്ഷ്യം നിങ്ങളോടു പ്രസ്താവിച്ചതു വാഗ്
വൈഭവമോ ജ്ഞാനമോ കൂടാതെ ആയിരുന്നു.
2യേശുക്രിസ്തുവിനെ, ക്രൂശിതനായ ക്രിസ്തു
വിനെത്തന്നേ- അല്ലാതെ മറ്റൊന്നും അറി
യാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണ
മെന്ന് ഞാൻ നിർണ്ണയിച്ചു. 3ബലഹീനതയോ
ടും ഭയത്തോടും വളരെ നടുക്കത്തോടും
കൂടെയാണു ഞാൻ നിങ്ങളുടെ അടുത്തെത്തി
യത്. 4എൻെറ ദൂതും എൻെറ പ്രസംഗവും ജ്ഞാ
നത്തിൻെറ വശീകരണവാക്കുകളാലായിരുന്നി
ല്ല; പിന്നെയോ ആത്മാവിൻെറ ശക്തിയുടെ
പ്രദർശനത്തോടെ ആയിരുന്നു; 5നിങ്ങളുടെ
വിശ്വാസം മാനുഷിക ജ്ഞാനത്തിലല്ല,
ദൈവശക്തിയിൽ അടിസ്ഥാനപ്പെട്ടി
രിക്കേണ്ടതിനുതന്നേ.

*ആത്മാവിൽനിന്നുള്ള ജ്ഞാനം*

6എങ്കിലും, പക്വതയുള്ളവരുടെ ഇടയിൽ
ഞങ്ങൾ ജ്ഞാനത്തിൻെറ ദൂതു പ്രസ്താവി
ക്കുന്നു. എന്നാൽ അത് ഈ കാലത്തിൻെറയോ
ഇക്കാലത്തെ നശിച്ചുപോകുന്ന ഭരണാധികാ
രികളുടെയോ ജ്ഞാനമല്ല. 7ദൈവത്തിൻെറ നി
ഗൂഢജ്ഞാനം, മറഞ്ഞിരുന്നതും നമ്മുടെ
തേജസ്സിനായി ദൈവം കാലത്തിനുമുമ്പേ നി
ശ്ചയിച്ചിരുന്നതുമായ ജ്ഞാനംതന്നേ, ഞങ്ങൾ
പ്രസ്താവിക്കുന്നു. 8ഇക്കാലത്തെ അധികാരി
കളാരും അതു ഗ്രഹിച്ചില്ല; ഗ്രഹിച്ചി
രുന്നുവെങ്കിൽ അവർ തേജസ്സിൻെറ കർത്താ
വിനെ ക്രൂശിക്കുകയില്ലായിരുന്നു.

9"തന്നെ സ്നേഹിക്കുന്നവർക്കായി
ദൈവം ഒരുക്കിയിട്ടുള്ളതു കണ്ണു കണ്ടി
ട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യൻെറ
യും മനസ്സിൽ തോന്നിയിട്ടുമില്ല"[c]
എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ.
10എങ്കിലും ദൈവം തൻെറ ആത്മാവിനാൽ
നമുക്ക് അതു വെളിപ്പെടുത്തിയിരിക്കുന്നു.
ആത്മാവു സകലവും- ദൈവത്തെ സംബന്ധി
ച്ച അഗാധകാര്യങ്ങൾപോലും - ആരാഞ്ഞറി
യുന്നു. 11ഒരു മനുഷ്യൻെറ ചിന്തകൾ അയാ
ളുടെ ആത്മാവല്ലാതെ വേറെ ആരാണറിയുക?
അങ്ങനെതന്നേ ദൈവത്തിൻെറ ചിന്തകൾ
ദൈവാത്മാവൊഴികെ മറ്റാരും ഗ്രഹിക്കുന്നില്ല.
12ദൈവം നമുക്കു സൗജന്യമായി നല്കിയിരി
ക്കുന്നതു മനസ്സിലാക്കുവാൻ സാധിക്കേണ്ടതി
ന്, നാം ലോകത്തിൻെറ ആത്മാവിനെയല്ല,
ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രേ പ്രാ
പിച്ചിരിക്കുന്നത്. 13മനുഷ്യജ്ഞാനം പഠിപ്പിച്ച
വാക്കുകളാലല്ല, ആത്മാവു പഠിപ്പിച്ച വാക്കു
കളാലത്രേ ഇക്കാര്യങ്ങൾ ഞങ്ങൾ സംസാരി
ക്കുന്നത് - അങ്ങനെ ഞങ്ങൾ ആത്മീയസത്യ
ങ്ങൾ ആത്മീയ വചനത്താൽത്തന്നേ വ്യക്തമാ
ക്കുന്നു.[d] 14ആത്മാവില്ലാത്തവൻ ദൈവാത്മാ
വിൽനിന്നുള്ള കാര്യങ്ങൾ സ്വീകരിക്കുന്നില്ല,
അവ അവനു ഭോഷത്തമാകുന്നു; ആത്മീയമാ

*a* 19 യെശയ്യാവ് 29:14 *b* 31 യിരമ്യാവ് 9:24 *c* 2:9 യെശയ്യാവ് 64:4 *d* 13 അഥവാ, *അങ്ങനെ ഞങ്ങൾ ആത്മീയമനുഷ്യർക്ക് ആത്മീയസത്യങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു.*

യി വിവേചിക്കേണ്ടതാകയാൽ അവയെ ഗ്രഹി
പ്പാൻ അവനു സാധ്യവുമല്ല. 15ആത്മീയമനു
ഷ്യൻ സകലകാര്യങ്ങളും വിവേചിക്കുന്നു; താൻ
മറ്റാരുടെയും വിവേചനത്തിനു വിധേയനാ
കുന്നതുമില്ല.

16"കർത്താവിനു ആലോചന നല്കു
വാൻ തക്കവണ്ണം അവിടുത്തെ മനസ്സ്
അറിഞ്ഞിട്ടുള്ളവൻ ആർ?"[a]

നാമോ ക്രിസ്തുവിൻെറ മനസ്സുള്ളവർ
ആകുന്നു.

*സഭയിലെ ഭിന്നിപ്പ്*

3 സഹോദരരേ, എനിക്കു നിങ്ങളോടു
ആത്മികരോട് എന്നപോലെയല്ല, പിന്നെ
യോ ലൗകികരോട് - ക്രിസ്തുവിൽ കേവലം ശി
ശുക്കളോട് - എന്നപോലെ മാത്രമേ സംസാരി
ക്കാൻ സാധിച്ചുള്ളു. 2ഞാൻ നിങ്ങൾക്കു പാ
ലാണ് തന്നത് കട്ടിയായ ഭക്ഷണമല്ല; കട്ടിയു
ള്ളതു കഴിക്കാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു,
ഇപ്പോഴും ഇല്ല. 3നിങ്ങൾ ഇപ്പോഴും ലൗകികരാ
ണ്. നിങ്ങളുടെ ഇടയിൽ അസൂയയും പി
ണക്കവും ഉണ്ടായിരിക്കെ നിങ്ങൾ ലൗകികര
ല്ലേ? സാധാരണക്കാരെപ്പോലെ തന്നെയല്ലേ നി
ങ്ങൾ പെരുമാറുന്നത്? 4"ഞാൻ പൗലൊ
സിൻെറ പക്ഷക്കാരൻ" എന്ന് ഒരാളും "ഞാൻ
അപ്പൊല്ലോസിൻെറ പക്ഷക്കാരൻ" എന്നു മ
റ്റൊരാളും പറയുമ്പോൾ നിങ്ങൾ സാധാരണ
മനുഷ്യരല്ലയോ?

5അപ്പൊല്ലോസ് ആര്? പൗലൊസ് ആര്?
കർത്താവ് തങ്ങളെ നിയോഗിച്ചതിൻപ്രകാരം,
നിങ്ങൾ വിശ്വസിക്കുവാൻ മുഖാന്തരമാ
യിത്തീർന്ന ശുശ്രൂഷക്കാർ മാത്രമല്ലേ? 6ഞാൻ
നട്ടു, അപ്പൊല്ലോസ് നനച്ചു; വളർത്തിയതോ
ദൈവമാണ്. 7ആകയാൽ വളർത്തുന്ന
ദൈവമല്ലാതെ നടുന്നവനോ നനയ്ക്കു
ന്നവനോ ഏതുമില്ല. 8നടുന്നവനും നനയ്ക്കു
ന്നവനും ഒരുപോലെതന്നേ. ഓരോരുത്തനും
അവനവൻെറ പ്രയത്നത്തിനു തക്കവണ്ണം പ്രതി
ഫലം കിട്ടും. 9ഞങ്ങൾ ദൈവത്തിൻെറ
കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിൻെറ
വയൽ, ദൈവത്തിൻെറ ഗൃഹനിർമ്മാണം.

10ദൈവം എനിക്കു നല്കിയ കൃപയാൽ,
ഞാൻ ജ്ഞാനമുള്ള ഒരു മുഖ്യശില്പിയെന്ന
നിലയിൽ അടിസ്ഥാനം ഇട്ടു. അതിന്മേൽ വേ
റൊരാൾ പണിയുന്നു. എന്നാൽ താൻ എങ്ങ
നെ പണിയുന്നുവെന്ന് ഓരോരുത്തനും ശ്രദ്ധി
ക്കണം. 11യേശുക്രിസ്തു എന്ന ഇട്ടുകഴിഞ്ഞി
രിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ
ആർക്കും സാധ്യമല്ല. 12ഈ അടിസ്ഥാ
നത്തിന്മേൽ സ്വർണ്ണം, വെള്ളി, രത്നം, തടി, പുല്ല്,
വൈക്കോൽ എന്നിവ ഉപയോഗിച്ചു ആരെങ്കി
ലും പണിതാൽ 13അയാളുടെ പണി വെളിപ്പെട്ടു
വരും; ആ ദിവസം അതിനെ വെളിച്ചത്താക്കും.
അതു തീയോടെ വെളിപ്പെടുകയും ഓരോരുത്ത
ൻെറയും പ്രവൃത്തി ഏതുവിധത്തിലുള്ളതെന്നു
തീ തന്നേ പരിശോധിക്കുകയും ചെയ്യും. 14ഒരാൾ
പണിതതു നിലനിന്നാൽ അയാൾക്കു പ്രതി
ഫലം ലഭിക്കും. 15അത് എരിഞ്ഞുപോ
കുന്നുവെങ്കിലോ അയാൾക്കു നഷ്ടം
സഹിക്കേണ്ടിവരും; അയാളോ തീയിലൂടെ
എന്നപോലെ രക്ഷപ്പെടും.

16നിങ്ങൾ ദൈവത്തിൻെറ ആലയമെന്നും
ദൈവത്തിൻെറ ആത്മാവു നിങ്ങളിൽ വസി
ക്കുന്നുവെന്നും അറിയുന്നില്ലേ? 17ആരെങ്കിലും
ദൈവത്തിൻെറ ആലയം നശിപ്പിച്ചാൽ അയാളെ
ദൈവം നശിപ്പിക്കും; ദൈവത്തിൻെറ ആലയം
വിശുദ്ധം, ആ ദൈവാലയം നിങ്ങൾതന്നേ.

18ആരും തന്നെത്താൻ വഞ്ചിക്കരുത്. നിങ്ങളി
ലാരെങ്കിലും ഇക്കാലത്തെ തോതുവച്ച്, സ്വയം
ജ്ഞാനിയെന്ന് ചിന്തിക്കുന്നപക്ഷം അയാൾ
ജ്ഞാനിയായിത്തീരേണ്ടതിന് ഭോഷൻ
ആകണം. 19ഈ ലോകത്തിൻെറ ജ്ഞാനം
ദൈവത്തിൻെറ ദൃഷ്ടിയിൽ ഭോഷത്തമാണ്.
"അവിടുന്ന് ജ്ഞാനികളെ അവരുടെ കൗ
ശലത്തിൽ പിടിക്കുന്നു"[b] എന്നും 20"കർത്താ
വു ജ്ഞാനികളുടെ ചിന്തകൾ വ്യർത്ഥമെന്ന്
അറിയുന്നു"[c] എന്നും എഴുതിയിരിക്കുന്നുവല്ലോ.
21അതുകൊണ്ട് ഇനിമേൽ മനുഷ്യരെക്കുറി
ച്ചുള്ള പ്രശംസ പാടില്ല! എല്ലാം നിങ്ങൾക്കു
ള്ളവയാണ്, 22പൗലൊസോ അപ്പൊല്ലോസോ
കേഫാവോ ലോകമോ ജീവനോ മരണമോ ഇ
പ്പോഴുള്ളതോ വരുവാനുള്ളതോ- എല്ലാം നി
ങ്ങളുടേതാണ്. 23നിങ്ങളോ ക്രിസ്തുവിനു
ള്ളവർ, ക്രിസ്തു ദൈവത്തിനുള്ളവൻ.

*ക്രിസ്തുവിൻെറ*
*അപ്പൊസ്തലന്മാർ*

4 അതുകൊണ്ട് ക്രിസ്തുവിൻെറ ശുശ്രൂ
ഷകരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാ
രകരുമെന്ന് എല്ലാവരും ഞങ്ങളെ കരുതേണ്ടതാ
ണ്. 2ഗൃഹവിചാരകരെപ്പറ്റിയുള്ള പ്രതീക്ഷ,
അവർ വിശ്വസ്തരായിരിക്കണം എന്നതാണ്.
3നിങ്ങളോ മാനുഷികമായ ഏതെങ്കിലും കോ
ടതിയോ എന്നെ വിധിച്ചാൽ അത് എനിക്ക് ഒരു
ലഘുകാര്യമാണ്. വാസ്തവത്തിൽ ഞാൻത
ന്നെയും എന്നെ വിധിക്കുന്നില്ല. 4എനിക്കു
യാതൊന്നിനെപ്പറ്റിയും കുറ്റബോധമില്ല,
എന്നാൽ അതുകൊണ്ടു ഞാൻ കുറ്റമി
ല്ലാത്തവൻ എന്നു വരുന്നില്ല. എന്നെ വിധി
ക്കുന്നത് കർത്താവാണ്. 5ആകയാൽ,

[a] 16 യെശയ്യാവ് 40:13 [b] 3:19 ഇയ്യോബ് 5:13 [c] 20 സങ്കീർത്തനം 94:11

സമയത്തിനുമുമ്പേ കർത്താവു വരുന്നതുവരെ
ഒന്നിനെയും വിധിക്കരുതു; അവിടുന്ന് ഇരുട്ടിൽ
മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കുകയും മനു
ഷ്യഹൃദയങ്ങളിലെ ഉദ്ദേശ്യങ്ങൾ തുറന്നുകാട്ടു
കയും ചെയ്യും. അപ്പോൾ ഓരോരുത്തനും
ദൈവത്തിൽനിന്നുള്ള പുകഴ്ച ലഭിക്കും.
6സഹോദരരേ, ഇവയെല്ലാം എന്നെയും അ
പ്പൊല്ലോസിനെയും സൂചിപ്പിച്ചു ഞാൻ
പറഞ്ഞത്, നിങ്ങളുടെ പ്രയോജനത്തിനുവേണ്ടി
യാണ്; "എഴുതിയിരിക്കുന്നതിനപ്പുറം പോകരു
ത്" എന്നു പറയുന്നതിൻെറ സാരം നിങ്ങൾ
പഠിക്കേണ്ടതിനുതന്നേ. അപ്പോൾ നിങ്ങൾ
ഒരാൾക്കെതിരേ മറ്റൊരാളെപ്പറ്റി വലിപ്പം ഭാവി
ക്കുകയില്ല. 7നിങ്ങളെ മറ്റുള്ളവരിൽനിന്നു വ്യ
ത്യസ്തരാക്കുന്നത് ആര്? ലഭിച്ചതല്ലാതെ
നിങ്ങൾക്ക് എന്താണുള്ളത്? ലഭിച്ചതെങ്കിൽ,
ലഭിച്ചതല്ല എന്ന ഭാവത്തിൽ പ്രശംസിക്കുന്ന
തെന്തിന്?
8ഇപ്പോൾത്തന്നെ നിങ്ങൾക്ക് എല്ലാം
തികഞ്ഞിരിക്കുന്നുവെന്നോ! നിങ്ങൾ
സമ്പന്നരായിക്കഴിഞ്ഞിരിക്കുന്നുവെന്നോ?
നിങ്ങൾ രാജാക്കന്മാരായി - അതും, ഞങ്ങ
ളെക്കൂടാതെ; ഞങ്ങൾ നിങ്ങളോടുകൂടെ
വാഴേണ്ടതിന്, നിങ്ങൾ യഥാർത്ഥത്തിൽ രാജാ
ക്കന്മാർ ആയിരുന്നെങ്കിൽ എന്നു ഞാൻ
ആഗ്രഹിക്കുന്നു. 9ദൈവം അപ്പൊസ്തലന്മാരാ
യ ഞങ്ങളെ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവ
രെയെന്നപോലെ ഘോഷയാത്രയുടെ ഒടുവില
ത്തെ നിരയിൽ പ്രദർശനത്തിനു നിറുത്തിയിരി
ക്കുന്നുവെന്ന് എനിക്കു തോന്നുന്നു. ലോകത്തി
നുമുഴുവൻ - ദൂതന്മാർക്കും മനുഷ്യർക്കും -
ഞങ്ങൾ കൂത്തു കാഴ്ചയായിരിക്കുന്നു.
10ഞങ്ങൾ ക്രിസ്തുവിനുവേണ്ടി ഭോഷന്മാർ;
നിങ്ങളോ ക്രിസ്തുവിൽ ജ്ഞാനികൾ! ഞങ്ങൾ
ബലഹീനർ, നിങ്ങളോ ബലശാലികൾ! നിങ്ങൾ
ക്കു ബഹുമാനം, ഞങ്ങൾക്ക് അപമാനം! 11ഈ
നിമിഷംവരെയും ഞങ്ങൾ വിശന്നും ദാഹിച്ചും
വസ്ത്രമില്ലാതെയും മൃഗീയമായ പീഡനമേറ്റും
പാർപ്പിടമില്ലാതെയും കഴിയുന്നു. 12ഞങ്ങൾ
സ്വന്തകൈയാൽ അധ്വാനിക്കുന്നു. ശാപമേറ്റിട്ട്
ആശീർവ്വദിക്കുന്നു; ഉപദ്രവമേറ്റിട്ട് സഹി
ക്കുന്നു; 13ദുഷിക്കപ്പെടുമ്പോൾ ദയാപൂർവ്വം
മറുപടി പറയുന്നു. ഈ നിമിഷംവരെയും
ഞങ്ങൾ ഭൂമിയുടെ ചവറും ലോകത്തിൻെറ
മാലിന്യവും ആയിരിക്കുന്നു.
14ഞാൻ ഇതു നിങ്ങൾക്കെഴുതുന്നത്
നിങ്ങളെ ലജ്ജിപ്പിക്കുവാനല്ല, എൻെറ പ്രിയമക്ക
ളെ എന്നപോലെ ഗുണദോഷിക്കുവാനാണ്.
15നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം രക്ഷാ
കർത്താക്കൾ ഉണ്ടെങ്കിലും പിതാക്കന്മാർ ഏ
റെയില്ല; സുവിശേഷംമുഖേന ക്രിസ്തു യേശു
വിൽ ഞാൻ നിങ്ങൾക്കു പിതാവായിത്തീർന്നി
രിക്കുന്നു. 16ആകയാൽ എന്നെ അനുകരിപ്പാൻ
ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. 17ഇക്കാ
രണത്താൽ ക്രിസ്തുവിൽ വിശ്വസ്തനും എ
ൻെറ പ്രിയ മകനുമായ തിമൊഥെയൊസിനെ
നിങ്ങളുടെ അടുത്തേക്ക് അയയ്ക്കുകയാണ്.
ഞാൻ എല്ലായിടത്തും എല്ലാ സഭകളിലും ഉപ
ദേശിക്കുന്നതുപോലെ ക്രിസ്തുയേശുവിലുള്ള
എൻെറ വഴികൾ അയാൾ നിങ്ങളെ ഓർപ്പിക്കും.
18ഞാൻ നിങ്ങളുടെ അടുക്കൽ വരികയില്ല
എന്ന ഭാവത്തിൽ, നിങ്ങളിൽ ചിലർ ഗർവ്വിച്ചിരി
ക്കുന്നു. 19എന്നാൽ ദൈവഹിതമായാൽ ഞാൻ
എത്രയുംവേഗം നിങ്ങളുടെ അടുക്കൽ വരും.
അപ്പോൾ, ഈ ഗർവ്വിഷ്ഠന്മാരുടെ വാക്കുകൾ
മാത്രമല്ല, അവരുടെ ശക്തിതന്നേ ഞാൻ കണ്ടറി
യും. 20ദൈവരാജ്യം വാക്കുകളിലല്ല ശക്തിയി
ലാണ് അധിഷ്ഠിതമായിരിക്കുന്നത്. 21നിങ്ങൾ
ക്ക് എന്താണ് വേണ്ടത്? ഞാനൊരു വടിയുമാ
യിട്ടോ, അതോ സ്നേഹത്തിലും സൗമ്യതയുടെ
ആത്മാവിലുമോ നിങ്ങളുടെ അടുക്കൽ വ
രേണ്ടത്?

*ദുർമ്മാർഗ്ഗിയായ സഹോദരനെ*
*പുറത്താക്കുക*

5 നിങ്ങളുടെ ഇടയിൽ, ദുർമ്മാർഗ്ഗജീവിതമു
ള്ളതായി കേൾക്കുന്നു. ഒരാൾ തൻെറ പിതാ
വിൻെറ ഭാര്യയെ സ്വന്തമാക്കിയിരിക്കുന്നു. ഇതു
വിജാതീയരുടെ ഇടയിൽപ്പോലും ഇല്ലാത്ത
ദുർന്നടപ്പാണ്. 2എന്നിട്ടും നിങ്ങൾ അഹങ്കരി
ക്കുന്നു! നിങ്ങൾ വിലപിച്ച് അതു പ്രവർത്തി
ച്ചവനെ നിങ്ങളുടെയിടയിൽനിന്നു പുറത്താക്കു
കയല്ലേ വേണ്ടിയിരുന്നത്? 3ഞാൻ ശാരീരികമാ
യി അല്ലെങ്കിലും ആത്മാവിൽ നിങ്ങളോടു
കൂടെയുണ്ട്. 4നിങ്ങളുടെ അടുക്കൽ ഉള്ളവൻ
എന്നപോലെ ഞാൻ ഇതു പ്രവർത്തിച്ചവനെ
നമ്മുടെ കർത്താവായ യേശുവിൻെറ നാ
മത്തിൽ നേരത്തെതന്നേ വിധിച്ചിരിക്കുന്നു. നി
ങ്ങൾ കൂടിവരുമ്പോൾ, ആത്മാവിൽ ഞാൻ നി
ങ്ങളോടുകൂടെ ഉണ്ടായിരിക്കുകയും നമ്മുടെ
കർത്താവായ യേശുവിൻെറ ശക്തി സന്നിഹി
തമായിരിക്കുകയും ചെയ്യുമ്പോൾതന്നേ, 5ഈ
മനുഷ്യനെ സാത്താന് ഏല്പിച്ചുകൊടുക്കു
വിൻ. അങ്ങനെ അയാളുടെ ജഡസ്വഭാവം[a] നശി
പ്പിക്കപ്പെട്ടിട്ട് ആത്മാവ് കർത്താവിൻെറ
ദിവസത്തിൽ രക്ഷപ്പെടുവാൻ ഇടയാകട്ടെ.
6നിങ്ങളുടെ ആത്മപ്രശംസ നന്നല്ല. ലേശം
പുളിമാവു മാവിനെ മുഴുവൻ പുളിപ്പിക്കുന്നു
വെന്നു നിങ്ങൾ അറിയുന്നില്ലേ? 7നിങ്ങൾ യഥാ
ർത്ഥത്തിൽ പുളിപ്പില്ലാത്ത മാവ് ആണല്ലോ.

[a] 5 *ശരീരം* അല്ലെങ്കിൽ *ജഡം* എന്നും കാണുന്നു.

മുഴുവനും പുതിയ മാവ് ആയിത്തീരേണ്ടതിനു
പഴയ പുളിമാവ് നീക്കിക്കളയുവിൻ. നമ്മുടെ
പെസഹാക്കുഞ്ഞാടായ ക്രിസ്തു യാഗമായി
അർപ്പിക്കപ്പെട്ടിരിക്കുന്നു. 8അതുകൊണ്ടു വിദ്വേ
ഷവും ദുഷ്ടതയുമാകുന്ന പഴയ പുളിമാ
വുകൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമാ
കുന്ന പുളിപ്പില്ലാത്ത മാവുകൊണ്ടുതന്നേ നമു
ക്ക് ഉത്സവം ആചരിക്കാം.

9ദുർമ്മാർഗ്ഗജീവിതം നയിക്കുന്നവരോടു സം
സർഗ്ഗം പാടില്ല എന്നു ഞാൻ എന്റെ കത്തിൽ
എഴുതിയിരുന്നുവല്ലോ. 10ഈ ലോകത്തിലെ
അധർമ്മികൾ, അത്യാഗ്രഹികൾ, വഞ്ചകന്മാർ,
വിഗ്രഹാരാധികൾ എന്നിവരെയല്ല ഞാനുദ്ദേശി
ച്ചത്. അങ്ങനെ ആയാൽ നിങ്ങൾ ഈ ലോകം
തന്നേ വിട്ടുപോകേണ്ടിവരും. 11എന്നാൽ, ഇ
പ്പോൾ ഞാൻ എഴുതുകയാണ്, സഹോദരൻ
എന്നു സ്വയം കരുതുന്ന ഒരാൾ ദുർമ്മാർഗ്ഗിയോ
അത്യാഗ്രഹിയോ വിഗ്രഹാരാധകനോ ദൂഷക
നോ മദ്യപാനിയോ വഞ്ചകനോ
ആയിത്തീർന്നാൽ അയാളോടു സംസർഗ്ഗം അരു
ത്. അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴി
ക്കാൻപോലും പാടില്ല.

12സഭയ്ക്കു പുറത്തുള്ളവരെ വിധിക്കാൻ
എനിക്കെന്തു കാര്യം? അകത്തുള്ളവരെയല്ലേ
നിങ്ങൾ വിധിക്കേണ്ടത്? 13പുറത്തുള്ളവരെ
ദൈവം വിധിക്കും. "ആ ദുഷ്ടനെ നിങ്ങളുടെ
ഇടയിൽനിന്നു നീക്കിക്കളയുക."[a]

### *വിശ്വാസികൾ തമ്മിലുള്ള വ്യവഹാരം*

6 നിങ്ങളിൽ ഒരാൾക്കു മറ്റൊരാളോടു തർ
ക്കം ഉണ്ടെങ്കിൽ അതിന്റെ തീർപ്പിനായി,
വിശുദ്ധരുടെ മുമ്പിലല്ല, അഭക്തരുടെ മുമ്പിലോ
നിങ്ങൾ പോകുന്നത്? 2വിശുദ്ധർ ലോകത്തെ
ന്യായം വിധിക്കും എന്നു നിങ്ങൾ അറി
യുന്നില്ലേ? നിങ്ങൾ ലോകത്തെ വിധിക്കാ
നുള്ളവരെങ്കിൽ നിസ്സാരവിവാദങ്ങൾ തീരുമാനി
ക്കാൻ അയോഗ്യർ എന്നു വരുമോ? 3നാം ദൂ
തന്മാരെ വിധിക്കും എന്നറിയുന്നില്ലേ? എങ്കിൽ
ഈ ലോകത്തിലെ കാര്യങ്ങളെ എത്രയധികം!
4അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങ
ളെപ്പറ്റി തർക്കമുണ്ടെങ്കിൽ സഭയ്ക്കു യാതൊ
രു മതിപ്പുമില്ലാത്തവരെ നിങ്ങൾ വിധികർത്താ
ക്കളായി നിയമിക്കുമോ? 5ഞാൻ ഇതു നി
ങ്ങളുടെ ലജ്ജയ്ക്കായി പറയുന്നു. വിശ്വാസി
കൾക്കു തമ്മിലുള്ള കാര്യം തീർക്കാൻ തക്ക
ജ്ഞാനമുള്ള ഒരാൾപോലും നിങ്ങളുടെ കൂ
ട്ടത്തിൽ ഇല്ലെന്നുവരുമോ? 6എന്നാൽ അതിനു
പകരം, ഒരു സഹോദരൻ മറ്റൊരു സഹോദര
നോടു വ്യവഹാരം നടത്താൻ പോകുന്നു -
അതും അവിശ്വാസികളുടെ മുമ്പിൽ!

7നിങ്ങൾക്കു തമ്മിൽ വ്യവഹാരമുണ്ട്
എന്നതുതന്നേ നിങ്ങളുടെ പരാജയമാണ്. നി
ങ്ങൾ അന്യായം സഹിച്ചുകൊള്ളുന്നതല്ലേ ഇതി
ലും ഭേദം? ചതിവ് ഏറ്റുകൊള്ളുന്നതല്ലേ കൂടു
തൽ ഉത്തമം? 8അല്ല, അതിനുപകരം നിങ്ങൾത
ന്നേ ചതിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നു!
അതും നിങ്ങളുടെ സഹോദരരെ!

9അന്യായം പ്രവർത്തിക്കുന്നവർ ദൈവരാജ്യം
അവകാശമാക്കുകയില്ല എന്നു നിങ്ങൾ അറി
യുന്നില്ലേ? വഞ്ചിക്കപ്പെടരുത്: ദുർന്നടപ്പുകാർ,
വിഗ്രഹാരാധികൾ, വ്യഭിചാരികൾ, പുരുഷകാ
മികൾ, സ്വവർഗ്ഗഭോഗികൾ, 10കള്ളന്മാർ,
അത്യാഗ്രഹികൾ, മദ്യപന്മാർ, പരദൂഷകർ,
വഞ്ചകർ എന്നിവർ ദൈവരാജ്യം അവകാശമാ
ക്കുകയില്ല. 11നിങ്ങളിൽ ചിലർ അങ്ങനെയു
ള്ളവരായിരുന്നു. എന്നാൽ കർത്താവായ
യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ
ദൈവത്തിന്റെ ആത്മാവിനാലും നിങ്ങൾ കഴു
കപ്പെട്ടവരും വിശുദ്ധീകരിക്കപ്പെട്ടവരും നീതീ
കരിക്കപ്പെട്ടവരും ആയിത്തീർന്നു.

### *ലൈംഗികാധർമ്മം*

12"എനിക്കെല്ലാം അനുവദനീയമാണ്" -
എന്നാൽ എല്ലാം പ്രയോജനകരമല്ല. "എനി
ക്കെല്ലാം അനുവദനീയമാണ്" - എന്നാൽ ഞാൻ
ഒന്നിനും അധീനനാകുകയില്ല. 13"ആഹാരം
ഉദരത്തിന്, ഉദരം ആഹാരത്തിന്" – എന്നാൽ
ദൈവം ഇവ രണ്ടും ഇല്ലാതാക്കും. ശരീരം ലൈം
ഗികാധർമ്മത്തിനുള്ളതല്ല; ശരീരം കർത്താവി
നും കർത്താവ് ശരീരത്തിനും അത്രേ. 14ദൈവം
തന്റെ ശക്തിയാൽ കർത്താവിനെ മരിച്ചവരിൽ
നിന്ന് ഉയിർപ്പിച്ചു. അവിടുന്നു നമ്മെയും ഉയിർ
പ്പിക്കും. 15നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവി
ന്റെ അവയവങ്ങളാകുന്നു എന്നറിയുന്നില്ലേ?
അങ്ങനെയെങ്കിൽ, ക്രിസ്തുവിന്റെ അവ
യവങ്ങൾ എടുത്തു വേശ്യയുടെ അവയവങ്ങളാ
ക്കാമോ? ഒരുനാളും അരുത്. 16വേശ്യയുമായി
ചേരുന്നവൻ അവളുമായി ഏകശരീരം
ആകുന്നുവെന്ന് അറിയുന്നില്ലേ? "ഇരുവരും ഒരു
ദേഹമായിത്തീരും."[b] എന്നു പ്രസ്താവിച്ചി
ട്ടുണ്ടല്ലോ. 17എന്നാൽ കർത്താവിനോടു
പറ്റിച്ചേരുന്നവൻ ആത്മാവിൽ അവിടുത്തോട്
ഒന്നായിത്തീരുന്നു.

18ദുർന്നടപ്പുവിട്ട് ഓടിപ്പോകുവിൻ. ഒരാൾ
ചെയ്യുന്ന ഏതു പാപവും തന്റെ ശരീരത്തിനു
പുറത്താകുന്നു; എന്നാൽ ലൈംഗികമായ പാപം
ചെയ്യുന്നവൻ സ്വന്തദേഹത്തിനു വിരോധമായി
പാപം ചെയ്യുന്നു. 19ദൈവത്തിൽനിന്നു നിങ്ങൾ
ക്കു ലഭിച്ചതും നിങ്ങളിൽ വസിക്കുന്നതുമായ

*a* 13 ആവർത്തനം 17:7,19:19, 21:21, 22:21, 24, 24:7 *b* 16 ഉല്പത്തി 2:24

പരിശുദ്ധാത്മാവിൻെറ മന്ദിരമാകുന്നു നി
ങ്ങളുടെ ശരീരം എന്ന് അറിയുന്നില്ലേ? നിങ്ങൾ
നിങ്ങളുടെ സ്വന്തമല്ല; 20നിങ്ങളെ വിലയ്ക്കു
വാങ്ങിയിരിക്കുന്നു. ആകയാൽ നിങ്ങളുടെ ശരീ
രംകൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തുക.

*വിവാഹം*

7 ഇനി നിങ്ങൾ എഴുതിയ കാര്യങ്ങളെപ്പറ്റി
പറയട്ടെ: സ്ത്രീയെ സ്പർശിക്കാതിരി
ക്കുന്നതു പുരുഷനു നല്ലത്. 2എന്നാൽ ദുർ
ന്നടപ്പുനിമിത്തം ഓരോ പുരുഷനും സ്വന്തം ഭാര്യ
യും, ഓരോ സ്ത്രീക്കും സ്വന്തം ഭർത്താവും ഉണ്ടാ
യിരിക്കട്ടെ. 3ഭർത്താവ് ഭാര്യയോടുള്ള ദാമ്പത്യ
ധർമ്മം നിറവേറ്റണം, അതുപോലെ ഭാര്യ
ഭർത്താവിനോടും. 4ഭാര്യയുടെ ശരീരത്തിന്മേൽ
അവൾക്കല്ല, ഭർത്താവിനാണ് അവകാശമു
ള്ളത്. അതുപോലെ ഭർത്താവിൻെറ ശരീരത്തി
ന്മേൽ അയാൾക്കല്ല ഭാര്യയ്ക്കാണ് അവകാശം.
5ഭാര്യാഭർത്താക്കന്മാർ ഉഭയസമ്മതപ്രകാരം
പ്രാർത്ഥനയ്ക്കുവേണ്ടി നിശ്ചിതസമയ
ത്തേക്ക് പിരിഞ്ഞിരിക്കുന്നതല്ലാതെ പരസ്പരം
അവകാശങ്ങൾ നിഷേധിക്കരുത്. ആത്മനി
യന്ത്രണത്തിൻെറ അഭാവംനിമിത്തം സാത്താൻ
നിങ്ങളെ പ്രലോഭിപ്പിക്കാതിരിക്കുവാൻ, വീണ്ടും
ഒന്നിച്ചുചേരുവിൻ. 6ആജ്ഞയായിട്ടല്ല, അനു
വാദമായിട്ടാണു ഞാൻ ഇതു പറയുന്നത്. 7എല്ലാ
വരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്നു
ഞാൻ ആഗ്രഹിക്കുന്നു. എങ്കിലും ഓരോ
രുത്തനും ദൈവത്തിൽനിന്നു തനതായ വരം
ലഭിച്ചിട്ടുണ്ടല്ലോ; ഒരുവന് ഒരുവിധം; മറ്റൊരു
വന് മറ്റൊരുവിധം.

8അവിവാഹിതരോടും വിധവമാരോടും ഞാൻ
പറയുന്നത്: എന്നെപ്പോലെ ജീവിക്കുന്നതാണ്
അവർക്കു നല്ലത്. 9എന്നാൽ സംയമനം സാധ്യ
മല്ലെങ്കിൽ അവർ വിവാഹിതരാകണം, വികാ
രത്താൽ ജ്വലിക്കുന്നതിനേക്കാൾ വിവാഹിതരാ
കുന്നത് ഏറെ നല്ലത്.

10വിവാഹിതർക്ക് ഞാനല്ല, കർത്താവുതന്നേ
കൊടുക്കുന്ന കല്പന ഇതാണ്: ഭാര്യ ഭർത്താ
വിൽനിന്നു വേർപിരിയരുത്.11അഥവാ വേർപി
രിയുന്നുവെങ്കിൽ അവൾ വിവാഹം കൂടാതെ
ജീവിക്കണം. അല്ലാത്തപക്ഷം ഭർത്താവുമായി
രമ്യതയിലായിക്കൊള്ളണം. ഭർത്താവ് ഭാര്യയെ
ഉപേക്ഷിക്കുകയുമരുത്.

12ശേഷമുള്ളവരോട് കർത്താവല്ല, ഞാൻ ത
ന്നേ പറയുന്നത്: ഒരു സഹോദരന് വിശ്വാസി
നിയല്ലാത്ത ഭാര്യയുണ്ടായിരിക്കുകയും അവൾ
ക്ക് അയാളോടുചേർന്നു ജീവിക്കാൻ സമ്മതമാ
യിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ അ
വളെ ഉപേക്ഷിക്കരുത്. 13ഒരു സ്ത്രീക്ക് വിശ്വാ
സിയല്ലാത്ത ഭർത്താവുണ്ടായിരിക്കുകയും
അയാൾക്ക് അവളോടൊപ്പം ജീവിക്കാൻ മനസ്സാ
യിരിക്കുകയും ചെയ്യുന്നപക്ഷം അവൾ അയാളെ
ഉപേക്ഷിക്കരുത്. 14കാരണം, അവിശ്വാസിയാ
യ ഭർത്താവ് തൻെറ ഭാര്യ മുഖാന്തരവും അവി
ശ്വാസിനിയായ ഭാര്യ തൻെറ ഭർത്താവു മുഖാ
ന്തരവും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.
അല്ലെങ്കിൽ നിങ്ങളുടെ കുട്ടികൾ അശുദ്ധരെന്നു
വരും. എന്നാൽ ഇപ്പോഴോ അവർ വിശുദ്ധർ
ആണ്.

15അവിശ്വാസി വേർപിരിഞ്ഞു പോകുന്നെ
ങ്കിൽ പോകട്ടെ. വിശ്വാസിയോ വിശ്വാസിനിയോ
ഇത്തരം സാഹചര്യങ്ങളിൽ പരസ്പരം ബദ്ധരാ
യിരിക്കുന്നില്ല. സമാധാനത്തിൽ ജീവിക്കുവാ
നാണല്ലോ ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.
16വിവാഹിതയായ സ്ത്രീയേ, നീ ഭർത്താവിനെ
രക്ഷയിലേക്കു നയിക്കുമോ എന്നു എങ്ങനെ
അറിയാം? വിവാഹിതനായ പുരുഷാ, നീ ഭാ
ര്യയെ രക്ഷയിലേക്കു നയിക്കുമോ എന്ന് എങ്ങ
നെ അറിയാം?

17ദൈവം ഓരോരുത്തനു നിശ്ചയി
ച്ചതുപോലെയും ഓരോരുത്തനെ വിളി
ച്ചതുപോലെയും അവനവൻ ജീവിക്കട്ടെ.
ഇതാണു ഞാൻ എല്ലാ സഭകൾക്കും നല്കുന്ന
നിർദ്ദേശം. 18വിളിക്കപ്പെട്ടപ്പോൾ ഒരാൾ പരിച്
ഛേദനയേറ്റിരുന്നുവോ? എങ്കിൽ അതു വേണ്ടാ
യിരുന്നു എന്നു ചിന്തിക്കരുത്. മറ്റൊരാൾ വിളി
ക്കപ്പെട്ടപ്പോൾ പരിച്ഛേദന ഏല്ക്കാത്തവനാ
യിരുന്നുവോ? എങ്കിൽ പരിച്ഛേദന ഏല്ക്കരു
ത്. 19പരിച്ഛേദന ഉണ്ടോ ഇല്ലയോ എന്നതല്ല
കാര്യം, ദൈവകല്പനകൾ പാലിക്കുന്നുവോ
എന്നതാണു പ്രധാനം. 20ഒരാളെ ദൈവം വിളി
ച്ചപ്പോൾ അയാൾ ഏതവസ്ഥയിലായി
രുന്നുവോ അതേ അവസ്ഥയിൽ തുടരട്ടെ.
21നിന്നെ വിളിച്ചപ്പോൾ നീയൊരു അടിമയായി
രുന്നുവോ? അതേക്കുറിച്ചു വിഷമിക്കരുത്;
വിടുതൽ നേടാൻ സാധിക്കുമെങ്കിൽ അങ്ങനെ
ചെയ്തു കൊള്ളുക. 22കർത്താവു വിളിച്ചപ്പോൾ
അടിമയായിരുന്നവൻ കർത്താവിൻെറ സ്വത
ന്ത്രനാണ്. അതുപോലെതന്നേ, വിളിക്കപ്പെട്ട
പ്പോൾ സ്വതന്ത്രനായിരുന്നവൻ ക്രിസ്തു
വിൻെറ അടിമയാണ്. 23നിങ്ങളെ വിലകൊ
ടുത്തു വാങ്ങിയിരിക്കുന്നു; നിങ്ങൾ മനുഷ്യരുടെ
അടിമകൾ ആകരുത്. 24സഹോദരരേ, ഓരോ
രുത്തരും, വിളിക്കപ്പെട്ട അവസ്ഥയിൽ ദൈവ
ത്തോടുകൂടെ നിലനില്ക്കേണ്ടതാണ്. 25ഇനി
കന്യകമാരെക്കുറിച്ച്: കർത്താവിൽനിന്നുള്ള
കല്പന ഇക്കാര്യത്തിൽ എനിക്കു ലഭിച്ചിട്ടില്ല,
എങ്കിലും കർത്താവിൻെറ കരുണയാൽ വിശ്വ
സ്തനായിത്തീർന്നവൻ എന്ന നിലയിൽ ഞാൻ
അഭിപ്രായം പറയുകയാണ്. 26ഇപ്പോഴത്തെ
പ്രതിസന്ധി നിമിത്തം, നിങ്ങൾ ഏതവസ്ഥ

യിലാണോ, അതിൽത്തന്നേ തുടരുന്നതാണു
നല്ലതെന്ന് ഞാൻ കരുതുന്നു. 27നീ വിവാഹിത
നോ? എങ്കിൽ വിവാഹമോചനം അന്വേഷിക്കരു
ത്. നീ അവിവാഹിതനോ? എങ്കിൽ വിവാഹം
കഴിക്കാൻ മുതിരരുത്. 28വിവാഹം
ചെയ്യുന്നുവെങ്കിൽ അതിൽ പാപമില്ല; കന്യക
വിവാഹം കഴിക്കുന്നുവെങ്കിൽ അവളും പാപം
ചെയ്യുന്നില്ല. എന്നാൽ വിവാഹിതരാകുന്നവർ
ക്ക് ഈ ജീവിതത്തിൽ നിരവധി ക്ലേശങ്ങളെ
നേരിടേണ്ടിവരും, അവ നിങ്ങൾക്കുണ്ടാ
കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു.

29സഹോദരരേ, ഇനി കാലം അല്പമേയു
ള്ളൂ എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഭാര്യ
മാരുള്ളവർ ഇനിമേൽ ഇല്ലാത്തവരെപ്പോലെ ജീ
വിക്കണം; 30വിലപിക്കുന്നവർ വിലപിക്കാത്തവ
രെപ്പോലെയും സന്തോഷിക്കുന്നവർ സന്തോ
ഷിക്കാത്തവരെപ്പോലെയും വാങ്ങുന്നവർ
കൈവശമാക്കാത്തവരെപ്പോലെയും 31ഈ ലോ
കകാര്യങ്ങളിൽ വ്യാപൃതരാകുന്നവർ അവയിൽ
മുഴുകിപ്പോകാത്തവരെപ്പോലെയും ജീവി
ക്കണം. ഈ ലോകത്തിൻെറ ഇന്നത്തെ രൂപം
മാറിക്കൊണ്ടിരിക്കുന്നു.

32നിങ്ങൾക്ക് ആകുലചിന്ത ഇല്ലാതിരിക്കണ
മെന്നു ഞാൻ ഇച്ഛിക്കുന്നു.അവിവാഹിതൻ
കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കാം എന്നു
കരുതി കർത്താവിൻെറ കാര്യങ്ങളെപ്പറ്റി ചിന്തി
ക്കുന്നു. 33വിവാഹിതനോ ഭാര്യയെ എങ്ങനെ
സന്തോഷിപ്പിക്കാം എന്നു കരുതി ലോകകാര്യ
ങ്ങൾ ചിന്തിക്കുന്നു; 34അവൻെറ താല്പര്യങ്ങൾ
വിഭജിക്കപ്പെട്ടിരിക്കുന്നു. അവിവാഹിത അഥവാ
കന്യക കർത്താവിൻെറ കാര്യങ്ങളെപ്പറ്റിയാണു
ചിന്തിക്കുക; അവളുടെ ലക്ഷ്യം ശരീരത്തിലും
മനസ്സിലും കർത്താവിനോടു ഭക്തിയുള്ളവളാ
യിരിക്കുക എന്നതാണ്. എന്നാൽ വിവാഹിതയാ
കട്ടെ, ഈ ലോകത്തിൻെറ കാര്യങ്ങളിൽ-
ഭർത്താവിനെ എങ്ങനെ സന്തോഷിപ്പി
ക്കാമെന്നു ചിന്തിച്ചു ലോകകാര്യങ്ങളെപ്പറ്റി
ശ്രദ്ധിക്കുന്നു. 35നിങ്ങളുടെ നന്മയ്ക്കായിട്ടാണു
ഞാൻ ഇതു സംസാരിക്കുന്നത്, നിങ്ങളുടെ സ്വാ
തന്ത്ര്യം പരിമിതപ്പെടുത്തുവാനല്ല, പിന്നെയോ
കർത്താവിനോടുള്ള ഏകാഗ്രഭക്തിയിൽ, യോ
ഗ്യമായ വിധത്തിൽ നിങ്ങൾ ജീവിതം
നയിക്കേണ്ടതിനാണ്.

36തനിക്കു വിവാഹനിശ്ചയം ചെയ്തിരിക്കു
ന്ന കന്യകയോട് അനുചിതമായിട്ടാണു പെരു
മാറുന്നതെന്ന് ഒരാൾക്കു തോന്നിയാൽ - അവൾ
ക്കു പ്രായം കടന്നുപൊയ്ക്കൊണ്ടിരിക്കുകയും
വിവാഹം ചെയ്യണമെന്ന് അയാൾക്കു തോന്നു
കയും ചെയ്താൽ- അയാൾ സ്വന്തഹിതമനു
സരിച്ചു പ്രവർത്തിക്കട്ടെ. അവർ വിവാഹിതരാ
കട്ടെ,അതു പാപമല്ല. 37എന്നാൽ നിർബ്ബന്ധത്തി
നു വഴങ്ങാതെ, ആത്മനിയന്ത്രണം പാലിക്കുന്ന
ഒരാൾ തനിക്കു വിവാഹം നിശ്ചയിച്ചവൾ കന്യ
കയായി തുടരട്ടെ എന്നു ഹൃദയത്തിൽ തീരുമാ
നിക്കുന്നു എങ്കിൽ അയാളും ഉചിതമായി
പ്രവർത്തിക്കുന്നു. 38അതുകൊണ്ട്, തൻെറ കന്യ
കയെ വിവാഹം കഴിക്കുന്നയാൾ യോഗ്യമായത്
ചെയ്യുന്നു; എന്നാൽ വിവാഹം കഴിക്കാതിരി
ക്കുന്നത് ഏറെ നല്ലത്.

39ഭർത്താവു ജീവിച്ചിരിക്കുന്ന കാലമത്രയും
ഭാര്യ അയാളോടു ബന്ധിതയായിരിക്കുന്നു.
എന്നാൽ ഭർത്താവു മരിച്ചാൽ അവൾ ആഗ്രഹി
ക്കുന്ന വേറൊരാളെ വിവാഹം ചെയ്യാം; അയാൾ
കർത്താവിൽ വിശ്വസിക്കുന്നവൻ ആയിരി
ക്കണം. 40എന്നാൽ അവൾ ആയിരുന്ന
അവസ്ഥയിൽത്തന്നേ തുടർന്നാൽ ഏറെ സന്തു
ഷ്ടയായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.
എനിക്കും ദൈവാത്മാവുണ്ടെന്നു ഞാൻ കരു
തുന്നു.

### *വിഗ്രഹാർപ്പിത ഭക്ഷണം*

8 ഇനി വിഗ്രഹങ്ങൾക്കു അർപ്പിച്ച ഭക്ഷണ
ത്തെക്കുറിച്ച്: നാം എല്ലാവരും അറിവു
ള്ളവരാണെന്നു നമുക്കറിയാം. അറിവ് ഒരുവനെ
നിഗളിയാക്കിത്തീർക്കുന്നു; സ്നേഹമോ
ആത്മീയാഭിവൃദ്ധി വരുത്തുന്നു. 2'എനിക്കറി
വുണ്ട്' എന്നു വിചാരിക്കുന്നവൻ വേണ്ടവണ്ണമു
ള്ള അറിവ് ഇനിയും നേടേണ്ടിയിരിക്കുന്നു.
3എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവനെ
ദൈവം അറിഞ്ഞിരിക്കുന്നു.

4വിഗ്രഹങ്ങൾക്ക് അർപ്പിച്ച ഭക്ഷണത്തെപ്പറ്റി
പറഞ്ഞാൽ, ലോകത്തിൽ വിഗ്രഹം ഏതുമല്ല
എന്നും ഏകദൈവമല്ലാതെ വേറേ ദൈവമില്ല
എന്നും നാം അറിയുന്നു. 5ആകാശത്തിലും ഭൂമി
യിലും ദേവന്മാർ എന്നു പറയപ്പെടുന്ന പലരുണ്ട്;
'ദൈവങ്ങളും' 'കർത്താക്കളും' ധാരാളമുണ്ട
ല്ലോ. 6എന്നാൽ നമുക്കു പിതാവായ
ഏകദൈവം മാത്രമേ ഉള്ളൂ. സകലവും ഉളവാ
യത് ആ ദൈവത്തിൽനിന്നും ആകുന്നു. നാം
ജീവിക്കുന്നത് അവിടുത്തേക്കു വേണ്ടിയാണ്;
യേശുക്രിസ്തു എന്ന ഏക കർത്താവും നമു
ക്കുണ്ട്. സർവ്വവും ഉളവായത് ആ കർത്താവിലൂ
ടെയാണ്; നാം ജീവിക്കുന്നതും തന്നി
ലൂടെതന്നേ.

7എന്നാൽ എല്ലാവർക്കും ഈ അറിവില്ല.
ചിലർക്കു വിഗ്രഹങ്ങളോടുള്ള പരിചയം
നിമിത്തം അവയ്ക്കു നിവേദിച്ച ഭക്ഷണം കഴി
ക്കുമ്പോൾ, 'ഇതു വിഗ്രഹാർപ്പിതം ആണല്ലോ'
എന്ന ചിന്ത ഉണ്ടാകുന്നു. ദുർബ്ബലചിത്ത
രാകയാൽ അവരുടെ മനസ്സാക്ഷി മലിനപ്പെടു
കയും ചെയ്യുന്നു. 8ഭക്ഷണം നമ്മെ ദൈവത്തോട്
അടുപ്പിക്കുന്നില്ല; തിന്നാതിരുന്നാൽ ദോഷമോ

തിന്നാൽ കൂടുതൽ പ്രയോജനമോ ഉണ്ടാ
കുന്നുമില്ല.
9 എന്നാൽ, നിങ്ങൾക്കുള്ള ഈ സ്വാതന്ത്ര്യം
ബലഹീനർക്ക് ഇടർച്ചയ്ക്കു കാരണമാകരുത്.
10അറിവുള്ള നീ ക്ഷേത്രത്തിൽ ഇരുന്നു ഭക്ഷി
ക്കുന്നതു കാണുമ്പോൾ, ബലഹീനമനസ്സാക്ഷി
യുള്ളവനും വിഗ്രഹാർപ്പിതം ഭക്ഷിക്കുവാൻ
ധൈര്യപ്പെടുകയില്ലേ? 11ഏതൊരു ബലഹീ
നസഹോദരനുവേണ്ടി ക്രിസ്തു മരിച്ചുവോ
അയാൾ ഇങ്ങനെ, നിന്റെ അറിവിനാൽ നശി
ച്ചുപോകാനിടയാകുന്നു. 12ഈ വിധത്തിൽ, സ
ഹോദരർക്കെതിരായി പാപം ചെയ്ത് അവരുടെ
ബലഹീന മനസ്സാക്ഷിയെ മുറിപ്പെടുത്തു
മ്പോൾ, നിങ്ങൾ ക്രിസ്തുവിനു വിരോധമായി
പാപം ചെയ്യുന്നു. 13അതുകൊണ്ട് എന്റെ
ഭക്ഷണംനിമിത്തം സഹോദരൻ പാപത്തിൽ വീ
ഴുന്നുവെങ്കിൽ ഞാൻ ഒരിക്കലും മാംസം ഭക്ഷി
ക്കുകയില്ല; അവന്റെ വീഴ്ചയ്ക്കു ഞാൻ കാ
രണക്കാരനാകരുതല്ലോ.

*അപ്പൊസ്തലന്റെ അവകാശങ്ങൾ*

9 ഞാൻ സ്വതന്ത്രനല്ലേ? ഞാൻ ഒരു അപ്പൊ
സ്തലനല്ലേ? നമ്മുടെ കർത്താവായ യേശു
വിനെ ഞാൻ കണ്ടിട്ടില്ലയോ? ക്രിസ്തുവിലു
ള്ള എന്റെ വേലയുടെ ഫലമല്ലേ നിങ്ങൾ? 2മറ്റു
ള്ളവർക്കു ഞാനൊരു അപ്പൊസ്തലൻ അ
ല്ലെങ്കിൽപോലും നിങ്ങൾക്കു ഞാൻ അപ്പൊ
സ്തലൻതന്നേ. കർത്താവിൽ എന്റെ അപ്പൊ
സ്തലത്വത്തിന്റെ മുദ്ര നിങ്ങളാണ്.
3എന്നെ ചോദ്യം ചെയ്യുന്നവരോട് എനി
ക്കുള്ള പ്രതിവാദം ഇതാണ്: 4ഭക്ഷണപാ
നീയങ്ങൾക്കുള്ള അവകാശം ഞങ്ങൾക്കില്ലേ?
5മറ്റ് അപ്പൊസ്തലന്മാരെയും കർത്താവിന്റെ
സഹോദരന്മാരെയും കേഫാവിനെയുംപോലെ
വിശ്വാസിനിയായ ഒരു ഭാര്യയോടുകൂടെ
സഞ്ചരിക്കുവാൻ ഞങ്ങൾക്ക് അവകാശമില്ലേ?
6വേല ചെയ്യാതെ കഴിയുവാൻ എനിക്കും
ബർന്നബാസിനും അവകാശം ഇല്ലെന്നോ?
7സ്വന്തം ചെലവിൽ സൈനികസേവനം
നടത്തുന്നതാര്? മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചി
ട്ട് അതിലെ മുന്തിരിപ്പഴം തിന്നാത്തവനായി ആരു
ള്ളൂ? ആട്ടിൻകൂട്ടത്തെ പാലിച്ചിട്ട് അതിന്റെ
പാൽ കുടിക്കാത്തത് ആരാണ്? 8കേവലം മാനു
ഷികമായ കാഴ്ചപ്പാടിലൂടെയോ ഞാൻ ഇതു
പറയുന്നത്? ന്യായപ്രമാണത്തിൽ ഇതേ കാര്യം
പ്രസ്താവിച്ചിട്ടില്ലേ? 9"ധാന്യം മെതിക്കുന്ന
കാളയ്ക്കു മുഖക്കൊട്ട കെട്ടരുത്"[a] എന്നു
മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയി
രിക്കുന്നുവല്ലോ. കാളകളെ ഉദ്ദേശിച്ചോ ദൈവം
ഈ പറയുന്നത്? 10വാസ്തവത്തിൽ നമു
ക്കുവേണ്ടി അല്ലേ അവിടുന്ന് ഇതു പ്രസ്താവി
ച്ചിരിക്കുന്നത്? ഉവ്വ്, നമുക്കുവേണ്ടിത്തന്നേ.
കാരണം, ഉഴുന്നവൻ ഉഴുകയും മെതിക്കുന്നവൻ
മെതിക്കയും ചെയ്യുമ്പോൾ വിളവിന്റെ ഓഹരി
തങ്ങൾക്കും ലഭിക്കുമെന്ന പ്രതീക്ഷയോടെയാ
ണ് അതു ചെയ്യേണ്ടത്. 11ഞങ്ങൾ നിങ്ങളുടെ
ഇടയിൽ ആത്മീയമായ വിത്തു വിതച്ചിട്ട്, നി
ങ്ങളിൽനിന്നു ഭൗതികമായ ഒരു വിളവെടുപ്പു
നടത്തിയാൽ അത് അധികമായിപ്പോകുമോ?
12മറ്റുള്ളവർക്കു നിങ്ങളുടെമേൽ ഈ അവകാ
ശം ഉണ്ടെങ്കിൽ ഞങ്ങൾക്ക് എത്രയോ അധികം!
എങ്കിലും ഞങ്ങൾ ഈ അവകാശം വിനിയോഗി
ച്ചിട്ടില്ല. സുവിശേഷത്തിനു തടസ്സം വരാതിരി
ക്കുവാൻ ഞങ്ങൾ എല്ലാം സഹിക്കുന്നു.
13ദൈവാലയത്തിൽ ജോലി ചെയ്യുന്നവർക്കു
ദൈവാലയത്തിൽനിന്നുതന്നേ ഭക്ഷണം ലഭി
ക്കുന്നുവെന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷ
ചെയ്യുന്നവർക്കു വഴിപാടിന്റെ വീതം
കിട്ടുന്നുവെന്നും നിങ്ങളറിയുന്നില്ലേ? 14അതു
പോലെതന്നേ, സുവിശേഷം പ്രസംഗിക്കുന്നവർ
സുവിശേഷത്താൽ ഉപജീവിക്കണമെന്നു
കർത്താവു കല്പിച്ചിരിക്കുന്നു.
15എങ്കിലും ഈ അവകാശങ്ങളൊന്നും ഞാൻ
ഉപയോഗിച്ചിട്ടില്ല. ആ കാര്യങ്ങൾ നിങ്ങൾ എനി
ക്കു ചെയ്തു തരണമെന്ന് ആശിച്ചുകൊണ്ടു
മല്ല ഞാൻ ഇതെഴുതുന്നത്. എന്റെ ഈ പ്രശം
സ ആരെങ്കിലും ഇല്ലാതാക്കുന്നതിനേക്കാൾ, മരി
ക്കുന്നതാണ് എനിക്കു നല്ലത്. 16എങ്കിലും, സു
വിശേഷം അറിയിക്കുന്നുവെങ്കിൽ എനിക്കു
പ്രശംസിക്കുവാൻ ഒന്നുമില്ല. ഞാൻ അതിനു
നിർബ്ബന്ധിതനാണ്. സുവിശേഷം അറിയി
ക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം!
17ഞാൻ സ്വമേധയാ അതു ചെയ്യുന്നുവെങ്കിൽ,
എനിക്കു പ്രതിഫലമുണ്ട്; സ്വമേധയാ അ
ല്ലെങ്കിലോ, എന്നെ ഭരമേല്പിച്ചതു നിറവേറ്റു
കമാത്രമാണു ഞാൻ ചെയ്യുന്നത്. 18അപ്പോൾ
എനിക്കുള്ള പ്രതിഫലം എന്താണ്? സുവിശേഷം
എനിക്കു നല്കുന്ന അവകാശംമുഴുവൻ ഉപയോ
ഗിക്കാതെ ഞാൻ സൗജന്യമായി സുവിശേഷം
അറിയിക്കുന്നു എന്നതുതന്നേ.
19ഞാൻ എല്ലാ മനുഷ്യനിൽനിന്നും സ്വത
ന്ത്രനെങ്കിലും അധികംപേരെ നേടേണ്ടതിന് എ
ന്നെത്തന്നേ എല്ലാവർക്കും അടിമയാക്കിയിരി
ക്കുന്നു. 20യഹൂദരെ നേടുവാൻ, യഹൂദർക്കു
ഞാൻ യഹൂദനെപ്പോലെ ആയി. ന്യായപ്രമാ
ണത്തിന് അധീനൻ അല്ലെങ്കിൽപോലും ന്യായ
പ്രമാണത്തിനു കീഴിലുള്ളവരെ നേടുവാൻ
ഞാൻ ന്യായപ്രമാണത്തിനു കീഴിലുള്ളവനെ
പ്പോലെ ആയി. 21ന്യായപ്രമാണമില്ലാത്തവരെ
നേടുവാൻ ഞാൻ അവർക്കു ന്യായപ്രമാണം

[a] 9 ആവർത്തനം 25:4

ഇല്ലാത്തവനെപ്പോലെ ആയി. ക്രിസ്തുവിന്റെ
പ്രമാണത്തിനു വിധേയനാകയാൽ വാ
സ്തവത്തിൽ ഞാൻ ദൈവത്തിന്റെ ന്യായപ്രമാ
ണത്തിൽനിന്നു സ്വതന്ത്രനല്ലതാനും. 22ബലഹീ
നരെ നേടുവാൻ ഞാൻ ബലഹീനർക്കു ബലഹീ
നനായി. ഏതെങ്കിലും വിധത്തിൽ ചിലരെ രക്ഷി
ക്കുവാൻ ഞാൻ എല്ലാവർക്കും എല്ലാം
ആയിത്തീർന്നു. 23സുവിശേഷത്തിന്റെ
അനുഗ്രഹങ്ങളിൽ പങ്കാളിയാകുവാൻ സു
വിശേഷത്തിനുവേണ്ടി ഞാൻ ഇതെല്ലാം
ചെയ്യുന്നു.

24ഓട്ടക്കളത്തിൽ ഓട്ടക്കാർ എല്ലാവരും
ഓടുന്നുവെങ്കിലും ഒരാൾമാത്രമേ സമ്മാനം
നേടുന്നുള്ളു എന്നു നിങ്ങൾ അറിയുന്നില്ലേ?
നിങ്ങളും സമ്മാനം നേടുവാൻ തക്കവണ്ണം ഓടു
വിൻ. 25കായികമത്സരങ്ങളിൽ പങ്കെടുക്കുന്ന
ഓരോ വ്യക്തിയും കർശനമായ ആത്മനിയ
ന്ത്രണം പാലിക്കുന്നു. വാടുന്ന കിരീടത്തി
നുവേണ്ടിയാണ് അവർ അതു ചെയ്യുന്നത്;
നാമോ വാടാത്ത കിരീടത്തിനുവേണ്ടിയും.
26ആകയാൽ ലക്ഷ്യമില്ലാതെയല്ല ഞാൻ
ഓടുന്നത്. വായുവിൽ കുത്തുന്നവനെ
പ്പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്.
27മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻതന്നേ
അയോഗ്യനായിപ്പോകാതിരിക്കേണ്ടതിന് എ
ന്റെ ശരീരത്തെ ഞാൻ ദണ്ഡിപ്പിച്ച് അടിമയാ
ക്കുന്നു.

*യിസ്രായേൽ ചരിത്രത്തിൽനിന്നുള്ള*
*മുന്നറിയിപ്പുകൾ*

10 സഹോദരരേ, നമ്മുടെ പൂർവ്വപിതാ
ക്കന്മാർ എല്ലാവരും മേഘത്തിൻ കീഴി
ലായിരുന്നുവെന്നും അവരെല്ലാവരും സമുദ്രത്തി
ലൂടെ കടന്നുവെന്നും നിങ്ങൾ മനസ്സിലാക്കണ
മെന്നു ഞാൻ ആഗ്രഹിക്കുന്നു. 2അവരെല്ലാവരും
മേഘത്തിലും സമുദ്രത്തിലും സ്നാനമേറ്റു
മോശെയോടു ചേർന്നു. 3എല്ലാവരും ഒരേ
ആത്മിക ആഹാരം കഴിക്കയും 4ഒരേ ആത്മി
കപാനീയം കുടിക്കയും ചെയ്തു. തങ്ങളെ അനു
ഗമിച്ച ആത്മികപാറയിൽനിന്നത്രേ അവർ പാ
നം ചെയ്തത്; ആ പാറ ക്രിസ്തു ആയിരുന്നു.
5എങ്കിലും അവരിൽ മിക്കവരിലും ദൈവം പ്രസാ
ദിച്ചില്ല; അവർ മരുഭൂമിയിൽ വീണുപോയി.

6ഈ കാര്യങ്ങൾ നമുക്കു ദൃഷ്ടാന്തമാ
യിത്തീർന്നിരിക്കുന്നു. അവരെപ്പോലെ നാമും
ദുർമ്മോഹികളാകാതിരിക്കേണ്ടതിനുതന്നേ.
7അവരിൽ ചിലരെപ്പോലെ നിങ്ങൾ ബിംബാരാ
ധികൾ ആകരുത്. "ജനം തിന്നുവാനും കുടിക്കു
വാനും ഇരുന്നു, കൂത്താടുവാൻ എഴുന്നേറ്റു"[a]
എന്നെഴുതിയിരിക്കുന്നുവല്ലോ. 8അവരിൽ
ചിലരെപ്പോലെ നാം ദുർമ്മാർഗ്ഗികളാകരുത്;
പരസംഗംനിമിത്തം അവരിൽ ഇരുപത്തിമൂവാ
യിരംപേർ ഒരു ദിവസംകൊണ്ടു മരിച്ചുപോയി.
9അവരിൽ ചിലർ ചെയ്തതു പോലെ നാം
കർത്താവിനെ പരീക്ഷിക്കരുത് - അവർ സർ
പ്പങ്ങളാൽ കൊല്ലപ്പെട്ടു. 10അവരിൽ ചിലരെ
പ്പോലെ നാം പിറുപിറുക്കയുമരുത് - അവരെ
സംഹാരദൂതൻ കൊന്നുകളഞ്ഞുവല്ലോ.

11ഈ കാര്യങ്ങൾ അവർക്കു ദൃഷ്ടാന്തങ്ങളാ
യി സംഭവിച്ചു; യുഗാന്ത്യത്തിലെത്തിയിരിക്കുന്ന
നമുക്കു പ്രബോധനത്തിനായി എഴുതപ്പെട്ടിരി
ക്കുന്നു. 12അതുകൊണ്ട്, താനുറച്ചുനില്ക്കു
ന്നുവെന്നു കരുതുന്നവൻ വീഴാതിരിക്കുവാൻ
സൂക്ഷിച്ചുകൊള്ളട്ടെ. 13മനുഷ്യർക്കു സാധാ
രണമല്ലാത്ത പ്രലോഭനങ്ങൾ നിങ്ങൾക്ക് ഉണ്ടാ
യിട്ടില്ല. ദൈവം വിശ്വസ്തൻ; നിങ്ങളുടെ ശക്തി
ക്കതീതമായ പ്രലോഭനം അവിടുന്ന് അനുവദി
ക്കുകയില്ല. പ്രലോഭനം ഉണ്ടാകുമ്പോൾ നിങ്ങൾ
ക്കു സഹിക്കുവാൻ കഴിയേണ്ടതിനു അവിടുന്ന്
അതോടൊപ്പം പോംവഴിയും ഉണ്ടാക്കിത്തരും.

*തിരുവത്താഴം*

14അതുകൊണ്ട് എന്റെ പ്രിയസഹോദരരേ,
വിഗ്രഹാരാധന വിട്ടോടുവിൻ. 15വിവേകശാലി
കളോടാണല്ലോ ഞാൻ സംസാരിക്കുന്നത്;
ഞാൻ പറയുന്നതു നിങ്ങൾ വിവേചിക്കുവിൻ.
16നാം സ്തോത്രംചെയ്യുന്ന സ്തോത്രത്തിന്റെ
പാനപാത്രം ക്രിസ്തുവിന്റെ രക്തത്തിന്റെ കൂ
ട്ടായ്മ അല്ലേ? നാം നുറുക്കുന്ന അപ്പം ക്രിസ്തു
വിന്റെ ശരീരത്തിന്റെ കൂട്ടായ്മ അല്ലേ?
17അപ്പം ഒന്നേയുള്ളൂ; പലരായ നാം ആ ഒരേ
അപ്പത്തിൽ പങ്കുചേരുന്നതുകൊണ്ട് ഒരു ശരീ
രമാകുന്നു.

18യിസ്രായേൽജാതിയെക്കുറിച്ചു ചിന്തി
ച്ചുനോക്കുവിൻ: യാഗങ്ങൾ ഭക്ഷിക്കുന്നവർ യാ
ഗപീഠത്തിനു പങ്കാളികൾ അല്ലേ? 19വിഗ്രഹത്തി
ന് അർപ്പിച്ച ബലിക്കോ വിഗ്രഹത്തിനോ എ
ന്തെങ്കിലും പ്രത്യേകതയുണ്ടെന്നാണോ ഞാൻ
അർത്ഥമാക്കുന്നത്? 20അല്ല, എന്നാൽ വിജാ
തീയരുടെ ബലികൾ ഭൂതങ്ങൾക്ക് അർപ്പിച്ചതാ
ണ്, ദൈവത്തിനർപ്പിച്ചതല്ല. നിങ്ങൾ ഭൂ
തങ്ങളുടെ പങ്കാളികളാകുവാൻ ഞാൻ ആഗ്രഹി
ക്കുന്നില്ല. 21നിങ്ങൾക്കു കർത്താവിന്റെ പാന
പാത്രത്തിൽനിന്നും അതോടൊപ്പം ഭൂതങ്ങളുടെ
പാനപാത്രത്തിൽനിന്നും കുടിക്കുവാൻ സാധ്യ
മല്ല. കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ
മേശയിലും നിങ്ങൾക്കു പങ്കുണ്ടായിരിക്കുവാൻ
പാടില്ല. 22നാം കർത്താവിനു രോഷം ജ്വലിപ്പിക്കു
വാൻ ശ്രമിക്കുന്നുവോ? നാം അവിടുത്തേക്കാൾ
ശക്തരോ?

[a] 7 പുറപ്പാട് 32:6

*വിശ്വാസിയുടെ സ്വാതന്ത്ര്യം*

23"എല്ലാം അനുവദനീയമാണ്" എന്നാൽ
എല്ലാം ഗുണകരമല്ല. "എല്ലാം അനുവദനീയമാ
ണ്" എന്നാൽ എല്ലാം ആത്മീയ അഭിവൃദ്ധി
വരുത്തുന്നില്ല. 24ആരും സ്വന്തം നന്മയല്ല, മറ്റു
ള്ളവരുടെ നന്മയത്രേ അന്വേഷിക്കേണ്ടത്.

25കമ്പോളത്തിൽ വില്ക്കുന്നതെന്തും മനസ്സാ
ക്ഷിക്കുത്തുകൂടാതെ ഭക്ഷിക്കുക. 26എന്തെ
ന്നാൽ "ഭൂമിയും അതിലുള്ള സകലവും കർത്താ
വിനുള്ളതാണ്." [a]

27ഒരു അവിശ്വാസി നിങ്ങളെ ഭക്ഷണത്തിനു
ക്ഷണിക്കുകയും നിങ്ങൾ പോകാൻ ആഗ്രഹി
ക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ
മുമ്പിൽ വിളമ്പിവയ്ക്കുന്നതെന്തും മനസ്സാക്ഷി
ക്കുത്തുകൂടാതെ ഭക്ഷിക്കാം. 28എന്നാൽ "ഇതു
നിവേദ്യമാണ്" എന്ന് ആരെങ്കിലും നിങ്ങളോടു
പറഞ്ഞാൽ, അതു പറഞ്ഞ ആളിനെയും മനസ്സാ
ക്ഷിയെയും വിചാരിച്ച് അതു കഴിക്കരുത് - 29നി
ങ്ങളുടെ മനസ്സാക്ഷിയല്ല, അയാളുടേതാണു
ഞാൻ ഉദ്ദേശിക്കുന്നത്. മറ്റൊരാളിന്റെ മനസ്സാ
ക്ഷി നിമിത്തം എന്റെ സ്വാതന്ത്ര്യം വിധിക്ക
പ്പെടുന്നതെന്തിന്? 30ഞാൻ നന്ദിയോടെ ആ
ഭക്ഷണം കഴിക്കുന്നുവെങ്കിൽ, ഞാൻ
ദൈവത്തിനു സ്തോത്രം ചെയ്ത വസ്തു നി
മിത്തം എന്നെ കുറ്റപ്പെടുത്തുന്നതെന്തിന്?

31നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു
ചെയ്താലും, എല്ലാം ദൈവമഹത്ത്വത്തിനായി
ചെയ്യുവിൻ. 32യഹൂദർക്കോ ഗ്രീക്കുകാർക്കോ
ദൈവസഭയ്ക്കോ ഇടർച്ച വരുത്തരുത്. 33ഞാ
നും എല്ലാവരെയും എല്ലാ വിധത്തിലും പ്രസാ
ദിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടല്ലോ. ഞാൻ
എന്റെ നന്മയല്ല, അനേകർ രക്ഷിക്കപ്പെടുവാൻ
അവരുടെ നന്മയാണ് അന്വേഷിക്കുന്നത്.

11 ഞാൻ ക്രിസ്തുവിന്റെ മാതൃക പിന്തു
ടരുന്നതുപോലെ നിങ്ങൾ എന്റെ
മാതൃക പിന്തുടരുക.

*ആരാധനയിൽ ശിരോവസ്ത്രം*

2നിങ്ങൾ എല്ലാ കാര്യങ്ങളിലും എന്നെ ഓർ
ക്കുന്നതുകൊണ്ടും ഞാൻ ഏല്പിച്ച ഉപ
ദേശങ്ങൾ മുറുകെ പിടിക്കുന്നതുകൊണ്ടും
ഞാൻ നിങ്ങളെ പ്രശംസിക്കുന്നു.

3പുരുഷന്റെ തല ക്രിസ്തു; സ്ത്രീയുടെ തല
പുരുഷൻ; ക്രിസ്തുവിന്റെ തല ദൈവം. ഇതു
നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹി
ക്കുന്നു. 4ശിരസ്സു മൂടിക്കൊണ്ടു പ്രാർത്ഥിക്കുക
യോ പ്രവചിക്കുകയോ ചെയ്യുന്ന പുരുഷൻ ത
ന്റെ ശിരസ്സിനെ അപമാനിക്കുന്നു. 5ശിരസ്സു മൂ
ടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ
ചെയ്യുന്ന സ്ത്രീ തന്റെ ശിരസ്സിനെ അപമാനി
ക്കുന്നു; ശിരസ്സു മുണ്ഡനം ചെയ്യുന്നതിനു തു
ല്യമാണത്. 6സ്ത്രീ തലയിൽ മൂടുപടം ധരി
ക്കുന്നില്ലെങ്കിൽ അവൾ മുടി മുറിച്ചുകളയേ
ണ്ടതാണ്. മുടി മുറിക്കുന്നതോ തല മുണ്ഡനം
ചെയ്യുന്നതോ തനിക്കു ലജ്ജാകരമെന്ന് അവൾ
ക്കു തോന്നുന്നുവെങ്കിൽ അവൾ മൂടുപടം
ധരിച്ചേ മതിയാകൂ. 7പുരുഷൻ ദൈവത്തിന്റെ
പ്രതിരൂപവും തേജസ്സും ആകയാൽ ശിരസ്സു
മറയ്ക്കേണ്ടതില്ല; എന്നാൽ സ്ത്രീയോ പുരുഷ
ന്റെ തേജസ്സാണ്. 8പുരുഷൻ സ്ത്രീയിൽ
നിന്നല്ല, സ്ത്രീ പുരുഷനിൽനിന്നത്രേ ഉണ്ടാ
യത്; 9പുരുഷൻ സ്ത്രീക്കു വേണ്ടിയല്ല, സ്ത്രീ
പുരുഷനുവേണ്ടിയാണു സൃഷ്ടിക്കപ്പെട്ടത്.
10ഈ കാരണത്താലും ദൂതന്മാർനിമിത്തവും
സ്ത്രീക്കു തലയ്ക്കുമീതെ ഒരു അധികാ
രചിഹ്നം ഉണ്ടായിരിക്കേണ്ടതാണ്.

11എങ്കിലും കർത്താവിൽ, പുരുഷനെ കൂ
ടാതെ സ്ത്രീയില്ല, സ്ത്രീയെ കൂടാതെ പുരു
ഷനുമില്ല. 12സ്ത്രീ പുരുഷനിൽനിന്ന് ഉളവാ
യതുപോലെ പുരുഷൻ സ്ത്രീയിൽനിന്നു ജനി
ക്കുന്നു. എന്നാൽ എല്ലാം ദൈവത്തിൽ നിന്നുത
ന്നേ ഉളവാകുന്നു. 13നിങ്ങൾതന്നേ വിധിക്കുക:
സ്ത്രീ മൂടുപടം അണിയാതെ ദൈവത്തോടു
പ്രാർത്ഥിക്കുന്നതു ഉചിതമോ? 14നീണ്ടമുടി
ഉണ്ടായിരിക്കുന്നതു പുരുഷന് അപമാ
നമാണെന്നും 15സ്ത്രീക്കു അത് അഭിമാനകര
മെന്നും പ്രകൃതിതന്നെ കാണിക്കുന്നില്ലേ?
നീണ്ടമുടി സ്ത്രീക്കു മൂടുപടമായി നല്കപ്പെട്ടി
രിക്കുന്നു. 16ഇതിനെപ്പറ്റി ആരെങ്കിലും തർക്കി
ക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ – ഇതിൽനിന്നു
വ്യത്യസ്തമായ ഒരു കീഴ്വഴക്കം ഞങ്ങൾക്കി
ല്ല, ദൈവസഭകൾക്കും ഇല്ല.

*കർത്താവിന്റെ അത്താഴം*

17ഇനിയുള്ള നിർദ്ദേശങ്ങളിൽ ഞാൻ നി
ങ്ങളെ പ്രശംസിക്കുന്നില്ല. കാരണം, നിങ്ങൾ
സഭായോഗം കൂടുന്നതു ഗുണത്തേക്കാൾ അധി
കം ദോഷം ചെയ്യുന്നു. 18ഒന്നാമത്, നിങ്ങൾ
സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെ
ഇടയിൽ ഭിന്നതകൾ ഉള്ളതായി ഞാൻ കേൾ
ക്കുന്നു; ഒരു പരിധിവരെ വിശ്വസിക്കുകയും
ചെയ്യുന്നു. 19നിങ്ങളുടെ ഇടയിൽ ദൈവത്താൽ
അംഗീകരിക്കപ്പെട്ടവർ ആരെന്നു വെളിപ്പെ
ടേണ്ടതിന് ഭിന്നതകൾ ഉണ്ടാകേണ്ടതാണ്.
20നിങ്ങൾ ഒരുമിച്ചുകൂടുമ്പോൾ കർത്താവിന്റെ
അത്താഴമല്ല ഭക്ഷിക്കുന്നത്. 21എന്തുകൊ
ണ്ടെന്നാൽ ഓരോരുത്തരും മറ്റാർക്കുംവേണ്ടി
കാത്തുനില്ക്കാതെ ഭക്ഷണം കഴിക്കുന്നു.
ഒരാൾ വിശന്നിരിക്കുമ്പോൾ മറ്റൊരാൾ കുടിച്ചു
മത്തനായിരിക്കുന്നു. 22തിന്നാനും കുടിക്കാനും

[a] 26 സങ്കീർത്തനം 24:1

നിങ്ങൾക്കു വീടുകൾ ഇല്ലേ? നിങ്ങൾ ദൈവസഭ
യോട് അവജ്ഞ കാട്ടുകയും ഒന്നുമില്ലാത്തവ
രെ നിന്ദിക്കുകയും ചെയ്യുന്നുവോ? എന്താണു
നിങ്ങളോടു ഞാൻ പറയേണ്ടത്? ഇതിൽ ഞാൻ
നിങ്ങളെ പ്രശംസിക്കുകയോ? ഒരിക്കലുമില്ല.
23ഞാൻ കർത്താവിൽനിന്നു പ്രാപിക്കുകയും
നിങ്ങൾക്ക് ഏല്പിച്ചു തരികയും ചെയ്തത്
ഇതാണ്: കർത്താവായ യേശുവിനെ ഒറ്റിക്കൊ
ടുത്ത രാത്രിയിൽ, അവിടുന്ന് അപ്പം എടുത്ത്
24സ്തോത്രം ചെയ്തു നുറുക്കി "ഇതു നിങ്ങൾ
ക്കുവേണ്ടിയുള്ള എൻെറ ശരീരം; എൻെറ ഓർ
മ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു.
25അതുപോലെതന്നേ, അവിടുന്ന് അത്താഴം
കഴിഞ്ഞ് പാനപാത്രം എടുത്ത്, "ഈ പാന
പാത്രം എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടി,
ഇതു കുടിക്കുമ്പോഴൊക്കെയും എൻെറ ഓർ
മ്മയ്ക്കായി ഇതു ചെയ്യുവിൻ" എന്നു പറഞ്ഞു.
26നിങ്ങൾ ഈ അപ്പം തിന്നുകയും ഈ പാ
നപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊ
ക്കെയും കർത്താവു വരുന്നതുവരെയും അവി
ടുത്തെ മരണത്തെ പ്രഖ്യാപിക്കുന്നു.

27അതുകൊണ്ട്, അയോഗ്യമായി അപ്പം തിന്നു
കയോ കർത്താവിൻെറ പാനപാത്രം കുടിക്കുക
യോ ചെയ്യുന്നവൻ കർത്താവിൻെറ ശരീരവും
രക്തവും സംബന്ധിച്ച് കുറ്റക്കാരനാവുന്നു. 28ഓ
രോരുത്തനും തന്നെത്താൻ പരിശോധിച്ചി
ട്ടുവേണം അപ്പം തിന്നുകയും പാനപാത്രത്തിൽ
നിന്നു കുടിക്കുകയും ചെയ്യേണ്ടത്. 29ആരെങ്കി
ലും കർത്താവിൻെറ ശരീരത്തെ വിവേചി
ക്കാതെ തിന്നുകയോ കുടിക്കുകയോ
ചെയ്താൽ അയാൾ തനിക്കുതന്നേ ശിക്ഷാവി
ധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു.
30ഇക്കാരണത്താൽ നിങ്ങളിൽ പലരും ബലഹീ
നരും രോഗികളും ആയിരിക്കുന്നു. ചിലർ നിദ്ര
പ്രാപിക്കുകയും ചെയ്തിരിക്കുന്നു. 31നാം ന
മ്മെത്തന്നേ വിധിക്കുന്നുവെങ്കിൽ നാം വിധിക്ക
പ്പെടുകയില്ല. 32കർത്താവു നമ്മെ വിധിക്കു
മ്പോൾ, നാം ലോകത്തോടൊപ്പം ശിക്ഷാവിധി
യിൽ അകപ്പെടാതിരിക്കാൻ അവിടുന്നു നമു
ക്കു ബാലശിക്ഷ നല്കുകയാണ്.

33അതുകൊണ്ട് എൻെറ സഹോദരരേ, നി
ങ്ങൾ ഭക്ഷണത്തിനായി ഒന്നിച്ചു കൂടുമ്പോൾ
പരസ്പരം കാത്തിരിക്കുവിൻ. 34നിങ്ങളിൽ ആർ
ക്കെങ്കിലും വിശക്കുന്നുവെങ്കിൽ, വീട്ടിൽവച്ചു
ഭക്ഷണം കഴിച്ചുകൊള്ളണം, അല്ലാത്ത പക്ഷം
നിങ്ങൾ ഒന്നിച്ചുചേരുമ്പോൾ അതു ന്യായവി
ധിക്കു ഹേതുവാകും.

ശേഷം കാര്യങ്ങൾ ഞാൻ വരുമ്പോൾ ക്രമീ
കരിച്ചുകൊള്ളാം.

*ആത്മീയ വരങ്ങൾ*

12 സഹോദരരേ, ആത്മീയവരങ്ങ
ളെക്കുറിച്ചു നിങ്ങൾ അറിവില്ലാത്തവരാ
യിരിക്കരുത് എന്നു ഞാൻ ആഗ്രഹിക്കുന്നു. 2വി
ജാതീയരായിരുന്നപ്പോൾ നിങ്ങൾ വശീകരിക്ക
പ്പെട്ട് ഊമവിഗ്രഹങ്ങളുടെ അടുത്തേക്ക്
വഴിതെറ്റിപ്പോയതു നിങ്ങൾക്കറിയാമല്ലോ?
3അതിനാൽ ദൈവാത്മാവിൽ സംസാരിക്കുന്ന
ആരും " യേശു ശപിക്കപ്പെട്ടവൻ" എന്നു പറയു
കയില്ല; പരിശുദ്ധാത്മാവിനാലല്ലാതെ ആർക്കും
"യേശു കർത്താവാകുന്നു" എന്നു പറയുവാ
നും സാധ്യമല്ല.

4വിവിധ കൃപാവരങ്ങൾ ഉണ്ട്; ആത്മാവോ
ഒന്നുമാത്രം; 5ശുശ്രൂഷകൾ പലവിധമുണ്ട്,
കർത്താവോ ഒരുവൻതന്നേ. 6പ്രവൃത്തികളും
ബഹുവിധം, എന്നാൽ എല്ലാവരിലും എല്ലാം
പ്രവർത്തിക്കുന്നത് ഒരേ ദൈവം തന്നെ.

7ഓരോരുത്തനും ആത്മാവിൻെറ പ്രകാശനം
നല്കിയിരിക്കുന്നതു പൊതുനന്മയ്ക്കുവേണ്ടി
യാണ്. 8ഒരാൾക്ക് ആത്മാവിലൂടെ ജ്ഞാ
നത്തിൻെറ വചനം നല്കിയിരിക്കുന്നു; മറ്റൊ
രാൾക്ക് അതേ ആത്മാവിനാൽ പരിജ്ഞാ
നത്തിൻെറ വചനവും. 9ഇനി വേറൊരാൾക്ക്
അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരാൾ
ക്ക് ആ ആത്മാവിനാൽത്തന്നേ രോഗശാന്തി
ക്കുള്ള വരങ്ങൾ, 10ഒരാൾക്ക് അത്ഭുതപ്രവൃത്തി
കളുടെ വരം, മറ്റൊരാൾക്കു പ്രവചനങ്ങളുടെ
വരം, വേറൊരാൾക്കു ആത്മാക്കളുടെ
വിവേചനം, ഇനിയൊരാൾക്കു ബഹുവിധഭാ
ഷകൾ, ഇനി ഒരുവനു ഭാഷകളുടെ വ്യാഖ്യാനം.
11ഇവയെല്ലാം ഒരേ ആത്മാവിൻെറ
പ്രവർത്തനമാണ്. അവിടുന്നു നിശ്ചയി
ക്കുന്നതുപോലെ ഓരോരുത്തന് അതതു വരം
നല്കുന്നു.

*ഒരു ശരീരം,*
*പല അവയവങ്ങൾ*

12പല അവയവങ്ങളോടുകൂടിയതെങ്കിലും
ശരീരം ഒന്നാണ്: വിവിധ അവയവങ്ങൾ ചേർന്ന്
ഒരു ശരീരമായിരിക്കുന്നു. ക്രിസ്തുവിനെ സം
ബന്ധിച്ചും ഇങ്ങനെതന്നേ. 13നാം യഹൂദരോ
ഗ്രീക്കുകാരോ അടിമകളോ സ്വതന്ത്രരോ ആരാ
യിരുന്നാലും ഒരേ ആത്മാവിനാൽ ഒരേ ശരീ
രത്തിലേക്കു സ്നാനമേറ്റും,[a] ഒരേ ആത്മാവിനെ
പാനം ചെയ്തുമിരിക്കുന്നു.

14ശരീരത്തിൽ അവയവം ഒന്നല്ല, പലതുണ്ട്.
15"ഞാൻ കൈ അല്ലാത്തതുകൊണ്ടു ശരീരത്തി
ലുള്ളതല്ല" എന്നു കാൽ പറയുന്നുവെങ്കിൽ
അക്കാരണത്താൽ അതു ശരീരത്തിൻെറ

[a] 13 അഥവാ, *ആരായിരുന്നാലും ഒരേ ആത്മാവിൽ സ്നാനമേറ്റും.*

അവയവം അല്ലാതാകുന്നില്ല. 16“ഞാൻ
കണ്ണല്ലാത്തതുകൊണ്ടു ശരീരത്തിലുള്ളതല്ല”
എന്നു ചെവി പറയുന്നുവെങ്കിൽ അക്കാ
രണത്താൽ അതു ശരീരഭാഗം അല്ല എന്നു
വരുന്നില്ല. 17ശരീരം ആകമാനം കണ്ണായി
രുന്നുവെങ്കിൽ കേൾക്കുന്നതെങ്ങനെ? ശരീരം
മുഴുവൻ ചെവിയായിരുന്നുവെങ്കിൽ ഗന്ധം അറി
യുന്നതെങ്ങനെ? 18എന്നാൽ ദൈവമോ അവി
ടുത്തെ ഇഷ്ടപ്രകാരം അവയവങ്ങളെ ശരീ
രത്തിൽ ക്രമീകരിച്ചിരിക്കുന്നു. 19അവ എല്ലാം
കൂടി ഒരവയവം മാത്രമായിരുന്നെങ്കിൽ ശരീരം
എവിടെ? 20എന്നാൽ ഇപ്പോൾ അവയവങ്ങൾ
പലതെങ്കിലും ശരീരം ഒന്നാണ്.

21“എനിക്കു നിന്നെ ആവശ്യമില്ല” എന്നു
കണ്ണിനു കൈയോടു പറയുവാൻ സാധ്യമല്ല.
തലയ്ക്കു കാലുകളോട്, “എനിക്കു നിങ്ങളെ
ആവശ്യമില്ല” എന്നു പറയുവാനും സാധിക്കു
കയില്ല. 22നേരേ മറിച്ച് ബലഹീനമായി കാണ
പ്പെടുന്ന അവയവങ്ങൾ അവശ്യം വേണ്ടവ
യത്രേ. 23മാന്യത കുറവെന്നു കരുതുന്ന
അവയവങ്ങൾക്കു നാം സവിശേഷ മാന്യത
നല്കുന്നു; ഭംഗി കുറഞ്ഞവയ്ക്ക് ഭംഗി
വരുത്തുന്നു. 24ഭംഗിയുള്ള അവയവങ്ങൾക്കു
പ്രത്യേക കരുതൽ ആവശ്യമില്ല. 25ശരീരത്തിൽ
ഭിന്നിപ്പുണ്ടാകാതെ, അവയവങ്ങൾ അന്യോന്യം
കരുതുവാൻ തക്കവണ്ണം ദൈവം അവയെ
സംയോജിപ്പിച്ച്, മാന്യത കുറഞ്ഞവയ്ക്ക് മാന്യ
ത വരുത്തിയിരിക്കുന്നു. 26ആകയാൽ ഒരവയവം
കഷ്ടം അനുഭവിക്കുന്നുവെങ്കിൽ മറ്റുള്ളവയും
അതിനോടൊപ്പം കഷ്ടത അനുഭവിക്കുന്നു;
ഒന്നു മാനിക്കപ്പെടുന്നുവെങ്കിൽ മറ്റെല്ലാം
അതിനോടുകൂടെ സന്തോഷിക്കുന്നു.

27നിങ്ങൾ ക്രിസ്തുവിൻെറ ശരീരവും ഓരോ
രുത്തരും അവയവങ്ങളുമാകുന്നു. 28ദൈവം
ഒന്നാമത് അപ്പൊസ്തലന്മാരെയും രണ്ടാമത്
പ്രവാചകരെയും മൂന്നാമത് ഉപദേഷ്ടാക്ക
ളെയും പിന്നെ അത്ഭുതങ്ങൾ പ്രവർത്തി
ക്കുന്നവർ, രോഗശാന്തി വരമുള്ളവർ, സഹായം
ചെയ്യുവാൻ കഴിവുള്ളവർ, ഭരിക്കുവാൻ വരമു
ള്ളവർ, ബഹുഭാഷാവരം ലഭിച്ചവർ എന്നിവരെ
യും സഭയിൽ നിയോഗിച്ചിരിക്കുന്നു. 29എല്ലാവ
രും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാച
കരോ? എല്ലാവരും ഉപദേഷ്ടാക്കളോ? എല്ലാ
വരും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവോ?
30എല്ലാവർക്കും രോഗശാന്തിവരമുണ്ടോ? എല്ലാ
വരും അന്യഭാഷകൾ സംസാരിക്കുന്നുവോ?
എല്ലാവരും വ്യാഖ്യാനിക്കുന്നുവോ? 31ശ്രേഷ്
ഠവരങ്ങൾ ഹൃദയ പൂർവ്വം വാഞ്ഛിക്കുക.[a]

*സ്നേഹം*

ഇനി ഏറ്റവും ശ്രേഷ്ഠമായ മാർഗ്ഗം ഞാൻ
നിങ്ങൾക്കു കാണിച്ചു തരാം.

13 ഞാൻ മനുഷ്യരുടെയും ദൂതന്മാ
രുടെയും ഭാഷകളിൽ സംസാരിച്ചാലും
എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന
ചേങ്ങലയോ കിലുങ്ങുന്ന കൈത്താളമോ
മാത്രമാണ്. 2എനിക്കു പ്രവചനവരം ലഭിച്ചാലും,
സകല ദിവ്യരഹസ്യങ്ങളും സകലജ്ഞാനവും
ഗ്രഹിക്കുവാൻ കഴിഞ്ഞാലും മലകളെ നീക്കു
വാൻ തക്ക വിശ്വാസം ഉണ്ടായിരുന്നാലും സ്
നേഹം ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല. 3എനിക്കു
ള്ളതെല്ലാം ദാനംചെയ്താലും എൻെറ ശരീരം
ദഹിപ്പിക്കുവാൻ ഏല്പിച്ചാലും[b] സ്നേഹം ഇല്ല
എങ്കിൽ ഞാൻ ഒന്നും നേടുന്നില്ല.

4സ്നേഹം ദീർഘക്ഷമയും ദയയും ഉള്ളതാ
ണ്. സ്നേഹം അസൂയപ്പെടുകയോ, വമ്പു പറയു
കയോ, അഹങ്കരിക്കുകയോ ചെയ്യുന്നില്ല; 5പരു
ഷമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷി
ക്കുന്നില്ല, കോപിക്കുന്നില്ല, ദോഷം കണക്കിടു
ന്നില്ല. 6സ്നേഹം തിന്മയിൽ രസിക്കാതെ
സത്യത്തിൽ സന്തോഷിക്കുന്നു. 7എല്ലാം വഹി
ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാ
ശിക്കുന്നു, എല്ലാം സഹിക്കുന്നു.

8സ്നേഹം ഒരുനാളും പരാജയപ്പെടുന്നില്ല.
പ്രവചനവരം ഇല്ലാതാകും; ഭാഷാവരം
നിന്നുപോകും, ജ്ഞാനം നീങ്ങിപ്പോകും; 9നാം
ഭാഗികമായിമാത്രം അറിയുകയും ഭാഗികമായി
മാത്രം പ്രവചിക്കുകയും ചെയ്യുന്നു. 10പൂർണ്ണമാ
യതു വരുമ്പോൾ ഭാഗികമായതു നീങ്ങിപ്പോ
കും. 11ഞാൻ ശിശുവായിരുന്നപ്പോൾ ശിശു
വിനെപ്പോലെ സംസാരിച്ചു, ശിശുവിനെപ്പോലെ
ചിന്തിച്ചു, ശിശുവിനെപ്പോലെ വിവേചിച്ചു. പു
രുഷനായപ്പോൾ ശിശുസഹജമായ കാര്യങ്ങൾ
വിട്ടുകളഞ്ഞു. 12ഇപ്പോൾ നാം കണ്ണാടിയിലെന്ന
പോലെ അവ്യക്തമായി കാണുന്നു; അപ്പോഴോ
നാം അഭിമുഖമായി കാണും. ഇപ്പോൾ ഞാൻ
ഭാഗികമായി അറിയുന്നു; അപ്പോഴോ, ഞാൻ
അറിയപ്പെട്ടിരിക്കുന്നതു പോലെ പൂർണ്ണമായി
അറിയും.

13അങ്ങനെ വിശ്വാസം, പ്രത്യാശ, സ്നേഹം
ഇവ മൂന്നും നിലനില്ക്കും; ഇവയിൽ ഏറ്റവും
ശ്രേഷ്ഠമായതോ സ്നേഹം തന്നേ.

*പ്രവചനവരം, ഭാഷാവരം*

14 സ്നേഹം നിങ്ങളുടെ ലക്ഷ്യമായിരി
ക്കട്ടെ. ആത്മീയവരങ്ങൾക്കായി, വിശേ
ഷാൽ പ്രവചനവരത്തിനായി, വാഞ്ഛിപ്പിൻ.

a 31 അഥവാ, *നിങ്ങളോ ശ്രേഷ്ഠ വരങ്ങൾ വാഞ്ഛിക്കുന്നു* b 13:3 ചില കയ്യെഴുത്തുപ്രതികളിൽ, *എൻെറ ശരീരം ഏല്പിച്ചുകൊടുക്കുന്നതിൽ സ്വയം പ്രശംസിച്ചാലും*

2അന്യഭാഷയിൽ സംസാരിക്കുന്നവൻ മനു
ഷ്യരോടല്ല, ദൈവത്തോടത്രേ സംസാരിക്കു
ന്നത്. അയാൾ പറയുന്നത് ആരും ഗ്രഹിക്കുന്നി
ല്ല; അയാൾ ആത്മാവിൽ മർമ്മങ്ങൾ സംസാരി
ക്കുന്നു. 3എന്നാൽ പ്രവചിക്കുന്ന ആൾ മനു
ഷ്യരോട്, അവരുടെ ആത്മീയപോഷണത്തിനും
പ്രബോധനത്തിനും ആശ്വാസത്തിനുമായി സം
സാരിക്കുന്നു. 4അന്യഭാഷയിൽ സംസാരി
ക്കുന്നയാൾ തനിക്കുതന്നേ ആത്മീയവർദ്ധന
വരുത്തുന്നു; പ്രവചിക്കുന്നയാളാകട്ടെ,
സഭയ്ക്ക് ആത്മീയവർദ്ധന വരുത്തുന്നു. 5നി
ങ്ങളെല്ലാവരും അന്യഭാഷകളിൽ സംസാരി
ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിലു
മുപരി, നിങ്ങൾ പ്രവചിക്കണമെന്നാണ് ഞാൻ
ഏറെ ആഗ്രഹിക്കുന്നത്. അന്യഭാഷകളിൽ സം
സാരിക്കുന്നതു സഭയുടെ ആത്മീയാഭിവൃദ്ധി
ക്കായി വ്യാഖ്യാനിക്കപ്പെടുന്നില്ലെങ്കിൽ,
അങ്ങനെ സംസാരിക്കുന്നവനെക്കാൾ പ്രവചി
ക്കുന്നവനാണു മികച്ചവൻ.

6സഹോദരരേ, ഞാൻ നിങ്ങൾക്കായി എ
ന്തെങ്കിലും വെളിപ്പാടോ ജ്ഞാനമോ പ്രവചന
മോ പ്രബോധനമോ നല്കാതെ നിങ്ങളുടെ അടു
ക്കൽ വന്ന് അന്യഭാഷകളിൽ സംസാരി
ക്കുന്നുവെങ്കിൽ എന്നെക്കൊണ്ടു നിങ്ങൾക്ക്
എന്തു പ്രയോജനം? 7കുഴൽ, വീണ മുതലായ
നിർജ്ജീവവസ്തുക്കളുടെ കാര്യത്തിൽപോലും,
ശ്രുതിഭേദം ഇല്ലാതിരുന്നാൽ എന്താണ് ആലപി
ച്ചതെന്ന് എങ്ങനെ അറിയും? 8കാഹളം വ്യ
ക്തമായ നാദം നല്കാതിരുന്നാൽ ആരെങ്കിലും
യുദ്ധത്തിനു തയ്യാറാകുമോ? 9നിങ്ങളുടെ കാ
ര്യത്തിലും അങ്ങനെതന്നേ. നാവിനാൽ
അർത്ഥമുള്ള വാക്കുകൾ ഉച്ചരിക്കാതിരുന്നാൽ,
നിങ്ങൾ പറയുന്നത് എന്തെന്ന് മറ്റുള്ളവർ എങ്ങ
നെ അറിയും? നിങ്ങൾ വായുവിനോടു സംസാ
രിക്കുന്നവർ ആകും! 10ലോകത്തിൽ വിവിധ
ഭാഷകൾ ഉണ്ട്, അവയിൽ ഒന്നുപോലും
അർത്ഥമില്ലാത്തതല്ല. 11എന്നാൽ, ആരെങ്കിലും
പറയുന്നതിൻെറ അർത്ഥം ഞാൻ ഗ്രഹി
ക്കുന്നില്ലെങ്കിൽ അയാൾക്കു ഞാൻ അപരിചി
തനായിരിക്കും, അയാൾ എനിക്കും അങ്ങനെത
ന്നേ. 12നിങ്ങളെ സംബന്ധിച്ചും ഇങ്ങനെതന്നേ.
നിങ്ങൾ ആത്മീയവരങ്ങൾ വാഞ്ഛിക്കു
കയാൽ സഭയുടെ വളർച്ചയ്ക്കു ഉതകുന്ന
വരങ്ങളിൽ മികവു നേടുവിൻ,

13അതുകൊണ്ട് അന്യഭാഷയിൽ സംസാരി
ക്കുന്നവൻ താൻ പറയുന്നതു വ്യാഖ്യാനിക്കാ
നുള്ള കഴിവിനുവേണ്ടി പ്രാർത്ഥിക്കണം.
14ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു
വെങ്കിൽ എൻെറ ആത്മാവു പ്രാർത്ഥിക്കുന്നു,
എൻെറ ബുദ്ധി അഫലമായിരിക്കുന്നു.
15അപ്പോൾ, ഞാൻ എന്താണു ചെയ്യേണ്ടത്?
ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും, ബു
ദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവു കൊണ്ടു
പാടും, ബുദ്ധികൊണ്ടും പാടും. 16നീ ആത്മാ
വുകൊണ്ടു ദൈവത്തെ സ്തുതിക്കുന്നുവെങ്കിൽ
അതു ഗ്രഹിക്കാത്ത ഒരാൾ നിൻെറ സ്തോത്രാർ
പ്പണത്തിന് എങ്ങനെ “ആമേൻ” പറയും? നീ
പറയുന്നത് അയാൾ മനസ്സിലാക്കുന്നില്ലല്ലോ?
17നീ നന്നായി സ്തോത്രം അർപ്പിക്കുന്നുണ്ടാ
യിരിക്കാം, എന്നാൽ മറ്റേയാൾക്ക് അതിനാൽ
ആത്മീയവർദ്ധന ഉണ്ടാകുന്നില്ല.

18ഞാൻ നിങ്ങളെല്ലാവരെക്കാളും അധിക
മായി അന്യഭാഷകളിൽ സംസാരിക്കുന്നതു കൊ
ണ്ട് ദൈവത്തെ സ്തുതിക്കുന്നു. 19എന്നാൽ
സഭയിൽ പതിനായിരം വാക്കുകൾ അന്യഭാ
ഷയിൽ സംസാരിക്കുന്നതിനേക്കാൾ, മറ്റുള്ളവ
രെ ഉപദേശിക്കുവാൻ അഞ്ചു വാക്കുകൾ
ബുദ്ധികൊണ്ട് സംസാരിക്കുവാൻ ഞാൻ ഇഷ്ട
പ്പെടുന്നു.

20സഹോദരരേ, ചിന്തയിൽ ശിശുക്കളായിരി
ക്കരുത്. തിന്മയ്ക്ക് ശിശുക്കളും ചിന്തയിലോ മു
തിർന്നവരും ആയിരിക്കുക. 21ന്യായപ്രമാ
ണത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

“അപരിചിതഭാഷക്കാരിലൂടെയും
വിദേശികളുടെ അധരങ്ങളിലൂടെയും
ഞാൻ ഈ ജനത്തോടു സംസാരിക്കും,
എങ്കിലും അവർ എൻെറ വാക്കു
കേൾക്കയില്ല”[a]

എന്ന് കർത്താവു അരുളിച്ചെയ്യുന്നു.

22അങ്ങനെ അന്യഭാഷകൾ വിശ്വാസികൾ
ക്കല്ല, അവിശ്വാസികൾക്കാണ് അടയാളമായി
രിക്കുന്നത്. എന്നാൽ പ്രവചനവരമോ അവിശ്വാ
സികൾക്കല്ല, വിശ്വാസികൾക്കു വേണ്ടിയുള്ള
താണ്. 23അതുകൊണ്ട് സഭ മുഴുവനും സമ്മേളി
ക്കുകയും എല്ലാവരും അന്യഭാഷകളിൽ സംസാ
രിക്കുകയും ചെയ്യുമ്പോൾ ആത്മവരമില്ലാത്തവ
രോ അവിശ്വാസികളോ അകത്തുവന്നാൽ, നി
ങ്ങൾക്കു ചിത്തഭ്രമം പിടിപെട്ടിരിക്കുന്നുവെന്ന്
അവർ പറയുകയില്ലേ? 24എന്നാൽ എല്ലാവരും
പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ അവിശ്വാ
സിയോ ആത്മവരമില്ലാത്തവനോ അകത്തു
വന്നാൽ അയാൾക്ക് പാപബോധമുണ്ടാകു
കയും അയാൾ എല്ലാവരാലും വിവേചിക്കപ്പെടു
കയും ചെയ്യും; 25അയാളുടെ ഹൃദയത്തിലെ
രഹസ്യങ്ങളും വെളിപ്പെടും; അയാൾ സാഷ്ടാം
ഗം വീണ്, “ദൈവം വാസ്തവമായി നിങ്ങളുടെ
ഇടയിൽ ഉണ്ട്” എന്നു പറഞ്ഞു ദൈവത്തെ
ആരാധിക്കും.

*ക്രമമുള്ള ആരാധന*

26സഹോദരരേ, ആകയാൽ എന്താണു പറ

[a] 21യെശയ്യാവ് 28:11,12

യേണ്ടത്? നിങ്ങൾ കൂടിവരുമ്പോൾ ഓരോ
രുത്തനു കീർത്തനമുണ്ട്, പ്രബോധനമുണ്ട്,
വെളിപ്പാടുണ്ട്, അന്യഭാഷയുണ്ട്, വ്യാഖ്യാ
നമുണ്ട്. ഇവയെല്ലാം സഭയുടെ ആത്മീയാഭിവൃ
ദ്ധിക്ക് ഉപകരിക്കണം. 27 അന്യഭാഷയിൽ സം
സാരിക്കുന്നുവെങ്കിൽ രണ്ടോ, കൂടിയാൽ
മൂന്നോ പേർക്കു സംസാരിക്കാം. അവർ ഓരോ
രുത്തരായി സംസാരിക്കുകയും ഒരാൾ വ്യാഖ്യാ
നിക്കുകയും വേണം. 28വ്യാഖ്യാനി ഇല്ലാത്ത
പക്ഷം സംസാരിക്കുന്നയാൾ സഭയിൽ മൗനമാ
യിരുന്ന്, തന്നോടുതന്നേയും ദൈവത്തോടും
സംസാരിക്കട്ടെ.

29പ്രവാചകർ രണ്ടോ മൂന്നോ പേർ സംസാരി
ക്കുകയും, മറ്റുള്ളവർ അവരുടെ വാക്കുകൾ
വിവേചിക്കുകയും വേണം. 30ഇരിക്കുന്നവരിൽ
ഒരാൾക്ക് ഒരു വെളിപ്പാടുണ്ടാകുന്നുവെങ്കിൽ
സംസാരിച്ചുകൊണ്ടിരിക്കുന്നയാൾ നിർത്തണം.
31എല്ലാവർക്കും പ്രബോധനവും പ്രോത്സാ
ഹനവും ലഭിക്കത്തക്കവണ്ണം നിങ്ങൾക്കെല്ലാം
ഓരോരുത്തരായി പ്രവചിക്കാവുന്നതാണ്. 32
പ്രവാചകരുടെ ആത്മാക്കൾ പ്രവാചകരുടെ നി
യന്ത്രണത്തിന് അധീനമാണ്. 33ദൈവം കലക്ക
ത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ
ദൈവമാണ്.

വിശുദ്ധരുടെ സകലസഭകളിലും എന്ന
പോലെ 34സ്ത്രീകൾ സഭകളിൽ നിശ്ശബ്ദരാ
യിരിക്കണം. ന്യായപ്രമാണം പറയുന്നതു
പോലെ സംസാരിക്കാൻ അവരെ അനുവദിച്ചി
ട്ടില്ല; അവർ കീഴ്പ്പെട്ടിരിക്കണം. 35എന്തിനെ
പ്പറ്റിയെങ്കിലും അറിയുവാൻ അവർ ആഗ്രഹി
ക്കുന്നുവെങ്കിൽ വീട്ടിൽവച്ചു ഭർത്താക്കന്മാരോട്
ചോദിക്കട്ടെ; സ്ത്രീ സഭയിൽ സംസാരിക്കുന്നത്
ലജ്ജാകരമത്രേ.

36ദൈവവചനം നിങ്ങളിൽനിന്നാണോ പുറ
പ്പെട്ടത്? അഥവാ, അതു നിങ്ങളുടെ അടുക്കൽ
വരെ മാത്രമോ എത്തിച്ചേർന്നത്? 37ആരെങ്കി
ലും തന്നെത്തന്നേ ഒരു പ്രവാചകൻ എന്നോ
ആത്മീയവരങ്ങൾ ലഭിച്ചവനെന്നോ കരുതുന്നു
വെങ്കിൽ, ഞാൻ നിങ്ങൾക്കു എഴുതുന്നത്
കർത്താവിന്റെ കല്പനയാണ് എന്ന് അയാൾ
മനസ്സിലാക്കിക്കൊള്ളട്ടെ. 38അയാൾ ഇത്
അവഗണിക്കുന്നു എങ്കിൽ അയാളും അവഗണി
ക്കപ്പെടും.[a]

39ആകയാൽ സഹോദരരേ, പ്രവചിക്കുവാൻ
വാഞ്ഛിക്കുവിൻ, അന്യഭാഷകളിൽ സംസാരി
ക്കുന്നതു വിലക്കുകയുമരുത്. 40സകലവും ഉചി
തമായും ക്രമമായും ചെയ്യുവിൻ.

### *ക്രിസ്തുവിന്റെ പുനരുത്ഥാനം*

15 സഹോദരരേ, ഞാൻ നിങ്ങളോടു അറി
യിച്ചതും നിങ്ങൾ സ്വീകരിച്ചതും നി
ങ്ങൾ ഉറച്ചുനില്ക്കുന്നതുമായ സുവിശേഷ
ത്തെപ്പറ്റി നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ
ആഗ്രഹിക്കുന്നു. 2ഞാൻ നിങ്ങളോടു അറിയി
ച്ച വചനം നിങ്ങൾ മുറുകെപ്പിടിക്കുന്നുവെങ്കിൽ,
ഈ സുവിശേഷംമുഖേന നിങ്ങൾ രക്ഷിക്ക
പ്പെടുന്നു. അല്ലാത്തപക്ഷം നിങ്ങൾ വിശ്വസി
ച്ചതു വ്യർത്ഥമായിത്തീരും.

3ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി
തിരുവെഴുത്തുകളിൻപ്രകാരം മരിച്ച് 4അടക്ക
പ്പെട്ടശേഷം മൂന്നാംദിവസം തിരുവെഴുത്തു
കളിൻപ്രകാരം ഉയിർപ്പിക്കപ്പെട്ടു എന്നിങ്ങനെ
എനിക്കു ലഭിച്ച വചനം ഞാൻ ആദ്യമായി[b]
നിങ്ങൾക്ക് ഏല്പിച്ചുതന്നല്ലോ. 5അവിടുന്ന്
പത്രൊസിനും അനന്തരം പന്ത്രണ്ടു ശിഷ്യ
ന്മാർക്കും പ്രത്യക്ഷനായി. 6അതിനുശേഷം
അവിടുന്ന് അഞ്ഞൂറിലധികം സഹോദരന്മാർക്ക്
ഒരേസമയം പ്രത്യക്ഷപ്പെട്ടു, അവരിൽ ചിലർ
നിദ്രപ്രാപിച്ചെങ്കിലും അധികംപേരും ഇപ്പോഴും
ജീവനോടെയിരിക്കുന്നു. 7പിന്നീട് അവിടുന്ന്
യാക്കോബിനും അതിനുശേഷം സകല അപ്പൊ
സ്തലന്മാർക്കും വെളിപ്പെട്ടു; 8ഏറ്റവുമൊടു
വിൽ, അകാലജാതനെപോലെയുള്ള എനിക്കും
പ്രത്യക്ഷനായി.

9ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറി
യവനാണ്. ദൈവസഭയെ പീഡിപ്പിച്ചതു കൊണ്ട്
അപ്പൊസ്തലൻ എന്ന പേരിനു യോഗ്യനുമല്ല.
10എന്നാൽ ഞാൻ ആയിരിക്കുന്നതു ദൈവകൃ
പയാൽ ആകുന്നു. എന്നോടുള്ള അവിടുത്തെ
കൃപ നിഷ്ഫലമായില്ല. ഞാൻ അവ
രെക്കാളെല്ലാം അധികം അധ്വാനിച്ചു. എങ്കിലും
ഞാൻ അല്ല, എന്നോടുകൂടെയുള്ള ദൈവകൃ
പയത്രേ. 11അതുകൊണ്ടു ഞാനാകട്ടെ, അവരാ
കട്ടെ, ഞങ്ങൾ ഇതത്രേ പ്രസംഗിക്കുന്നത്;
നിങ്ങൾ വിശ്വസിച്ചതും ഇതുതന്നേ.

### *മരിച്ചവരുടെ ഉയിർത്തെഴുന്നേല്പ്*

12ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പിക്ക
പ്പെട്ടു എന്നു പ്രസംഗിച്ചുപോരുന്ന നിലയ്ക്ക്
മരിച്ചവർക്കു പുനരുത്ഥാനം ഇല്ല എന്നു നി
ങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? 13മരി
ച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തു
വും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. 14ക്രിസ്തു ഉയിർപ്പി
ക്കപ്പെട്ടിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം
വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

*a* 38 ചില കയ്യെഴുത്തുപ്രതികളിൽ, *അയാളിത് അറിയുന്നില്ലെങ്കിൽ അറിവില്ലാത്തവനായി തുടരട്ടെ*
*b* 4 അഥവാ, *ഞാൻ പരമപ്രധാനമായി*

15തന്നേയുമല്ല, ദൈവം ക്രിസ്തുവിനെ മരി
ച്ചവരിൽനിന്ന് ഉയിർപ്പിച്ചിരിക്കുന്നു എന്നു
ദൈവത്തെക്കുറിച്ചു സാക്ഷ്യം പറഞ്ഞിരിക്കുന്ന
ഞങ്ങൾ ദൈവത്തിനെതിരേ കള്ള സാക്ഷികൾ
എന്നും വരും. എന്തെന്നാൽ, മരിച്ചവർ വാ
സ്തവത്തിൽ ഉയിർപ്പിക്കപ്പെടുന്നില്ലെങ്കിൽ,
ദൈവം ക്രിസ്തുവിനെയും ഉയിർപ്പിച്ചിട്ടില്ല.
16മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ ക്രി
സ്തുവിനും പുനരുത്ഥാനം ഉണ്ടായിട്ടില്ല. 17ക്രി
സ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ല എങ്കിൽ നിങ്ങളുടെ
വിശ്വാസം വ്യർത്ഥം; നിങ്ങൾ ഇപ്പോഴും നി
ങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. 18ക്രിസ്തു
വിൽ നിദ്രപ്രാപിച്ചവരും നശിച്ചുപോയിരി
ക്കുന്നു. 19ഈ ആയുസ്സിൽമാത്രമേ നമുക്കു ക്രി
സ്തുവിൽ പ്രത്യാശയുള്ളുവെങ്കിൽ നാം സകല
മനുഷ്യരിലും ദയനീയരത്രേ.
20എന്നാൽ ക്രിസ്തു നിദ്രപ്രാപിച്ചവ
രിൽനിന്ന് ആദ്യഫലമായി, മരിച്ചവരിൽനിന്ന്
ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. 21ഒരു മനുഷ്യനി
ലൂടെ മരണം ഉണ്ടായതുപോലെ, മരിച്ചവരുടെ
പുനരുത്ഥാനവും ഒരു മനുഷ്യനിലൂടെ ഉണ്ടാ
യി. 22ആദാമിൽ എല്ലാവരും മരിക്കുന്ന
തുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പി
ക്കപ്പെടും. 23എന്നാൽ ഓരോരുത്തരും
അവരവരുടെ ക്രമമനുസരിച്ചുതന്നേ: ആദ്യഫലം
ക്രിസ്തു; പിന്നെ ക്രിസ്തുവിൻെറ വരവിങ്കൽ
അവിടുത്തേക്ക് ഉള്ളവർ; 24 അനന്തരം അവസാ
നം; അപ്പോൾ അവിടുന്നു സകല ഭരണവും
അധികാരവും ശക്തിയും നീക്കിക്കളഞ്ഞിട്ട്
രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും.
25സകല ശത്രുക്കളെയും തൻെറ കാൽക്കീഴി
ലാക്കുന്നതുവരെ അവിടുന്നു വാഴേണ്ടതാ
കുന്നു. 26ഒടുവിലായി നശിപ്പിക്കപ്പെടുന്ന
ശത്രുവാണു മരണം. 27എന്തെന്നാൽ ദൈവം
"സകലവും അവിടുത്തെ കാൽക്കീഴിലാക്കിയി
രിക്കുന്നു."[a] "സകലവും" എന്നു പറയുമ്പോൾ
എല്ലാം ക്രിസ്തുവിന് അധീനമാക്കിക്കൊടുത്ത
ദൈവം ഒഴികെയാണ് എന്നതു സ്പഷ്ടം.
28സമസ്തവും തനിക്കു കീഴ്പ്പെട്ടശേഷം,
പുത്രൻ സകലവും തനിക്കു കീഴാക്കിക്കൊടുത്ത
ദൈവത്തിനു കീഴ്പ്പെട്ടിരിക്കും; അങ്ങനെ
ദൈവം സകലത്തിലും സകലവും ആയിത്തീരും.
29മരിച്ചവരുടെ പുനരുത്ഥാനം ഇല്ലെങ്കിൽ, മരി
ച്ചവർക്കുവേണ്ടി സ്നാനം ഏല്ക്കുന്നതെന്തിന്?
മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നില്ല എങ്കിൽ അവർ
ക്കുവേണ്ടി സ്നാനം ഏല്ക്കുന്നതിന് എന്താ
ണു പ്രസക്തി? 30ഞങ്ങളും നാഴികതോറും
ആപത്തിലാകുന്നതെന്തിന്? 31സഹോദരരേ,
നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ
എനിക്കു നിങ്ങളെപ്പറ്റിയുള്ള പ്രശംസയുടെ
ഉറപ്പിൽ ഞാൻ തീർത്തു പറയട്ടെ, ദിവസേന
ഞാൻ മരിക്കയാണ്. 32എഫെസൊസിൽവച്ചു
ഞാൻ വന്യമൃഗങ്ങളോടു പോരാടിയതു
കേവലം മാനുഷികകാരണങ്ങളാൽ എങ്കിൽ
അതുകൊണ്ട് എനിക്കെന്തു നേട്ടം? മരിച്ചവർ
ഉയിർക്കുന്നില്ല എങ്കിൽ,

"തിന്നുക, കുടിക്കുക, നാളെ നാം
മരിക്കുമല്ലോ."[b]

33വഞ്ചിക്കപ്പെടരുത്. "ദുഷിച്ച കൂട്ടുകെട്ടു
സദ്സ്വഭാവത്തെ ദുഷിപ്പിക്കുന്നു." 34സുബോ
ധമുള്ളവരായിരിപ്പിൻ. പാപം ചെയ്യാതിരിപ്പിൻ.
ചിലർക്കു ദൈവത്തെക്കുറിച്ച് അറിവില്ല; ഇതു
ഞാൻ നിങ്ങളുടെ ലജ്ജയ്ക്കായി പറയുന്നു.

*പുനരുത്ഥാനശരീരം*

35"മരിച്ചവർ എങ്ങനെ ഉയിർപ്പിക്കപ്പെടുന്നു?
ഏതുതരം ശരീരത്തോടെ അവർ വരുന്നു?"
എന്നു ചിലർ ചോദിച്ചേക്കാം. 36ബുദ്ധികെട്ട മനു
ഷ്യാ, നീ വിതയ്ക്കുന്നതു ചാകുന്നില്ലെങ്കിൽ
ജീവിക്കുകയില്ല. 37നീ വിതയ്ക്കുമ്പോൾ ഉണ്ടാ
വാനിരിക്കുന്ന ശരീരമല്ല പിന്നെയോ ഗോ
തമ്പിൻെറയോ മറ്റെന്തിൻെറയോ വിത്തു
മാത്രമാണു വിതയ്ക്കുന്നത്. 38എന്നാൽ ദൈവം
തൻെറ ഹിതപ്രകാരം അതിനൊരു ശരീരവും,
ഓരോതരം വിത്തിനും അതതിൻെറ ശരീരവും
കൊടുക്കുന്നു. 39എല്ലാ മാംസവും ഒരേ തരത്തി
ലുള്ളതല്ല. മനുഷ്യരുടെ മാംസം ഒരുതരം,
മൃഗങ്ങളുടേതു മറ്റൊരുതരം, പക്ഷികളുടേതു
വേറേ, മത്സ്യങ്ങളുടേതു വേറേ; 40സ്വർ
ഗ്ഗീയശരീരങ്ങളും ഭൗമശരീരങ്ങളും ഉണ്ട്.
സ്വർഗ്ഗീയശരീരങ്ങളുടെ തേജസ്സ് ഒരു
വിധത്തിലുള്ളത്, ഭൗമശരീരങ്ങളുടെ തേജസ്സു
മറ്റൊരു വിധത്തിലുള്ളത്. 41സൂര്യൻെറ തേജസ്സ്
ഒരു വിധം, ചന്ദ്രൻേറതു മറ്റൊരു വിധം, നക്ഷ
ത്രങ്ങളുടെ തേജസ്സു വേറൊരു വിധം. നക്ഷ
ത്രവും നക്ഷത്രവും തമ്മിൽ തേജസ്സിൽ വ്യത്യാ
സമുണ്ട്.
42മരിച്ചവരുടെ പുനരുത്ഥാനവും അങ്ങനെത
ന്നേ. നശ്വരമായ ഒരു ശരീരം വിതയ്ക്കപ്പെടുന്നു,
അനശ്വരമായ ഒരു ശരീരം ഉയിർപ്പിക്കപ്പെടുന്നു.
43അപമാനത്തിൽ വിതയ്ക്കപ്പെടുന്നു,
തേജസ്സിൽ ഉയിർപ്പിക്കപ്പെടുന്നു; ബലഹീ
നതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർ
പ്പിക്കപ്പെടുന്നു. 44ഭൗതികശരീരമാണു വി
തയ്ക്കപ്പെടുന്നത്. ഉയിർപ്പിക്കപ്പെടുന്നതോ
ആത്മീയശരീരമത്രേ.
ഭൗതികശരീരം ഉണ്ടെങ്കിൽ ആത്മീയശരീ
രവും ഉണ്ട്. 45"ആദ്യമനുഷ്യനായ ആദാം ജീ
വനുള്ള ദേഹിയായിത്തീർന്നു"[c] എന്നെഴുതിയി
രിക്കുന്നുവല്ലോ; അവസാനത്തെ ആദാം ജീവൻ

[a] 27 സങ്കീർത്തനം 8:6 [b] 32 യെശയ്യാവ് 22:13 [c] 45 ഉല്പത്തി 2:7

നല്കുന്ന ആത്മാവായി. 46ഒന്നാമത്തേത്
ആത്മികമല്ല, ഭൗതികമായിരുന്നു. ആത്മികം
അതിനുശേഷം വരുന്നു. 47ഒന്നാം മനുഷ്യൻ ഭൂ
മിയിൽനിന്നുള്ളവൻ; രണ്ടാംമനുഷ്യനോ സ്വർ
ഗ്ഗത്തിൽനിന്നുള്ളവൻ. 48ഭൂമിയിൽനിന്നുള്ളവ
നെപ്പോലെ ഭൗമികരും സ്വർഗ്ഗത്തിൽനിന്നുള്ളവ
നെപ്പോലെ സ്വർഗ്ഗീയരും ആകുന്നു. 49നാം ഭൗ
മികന്റെ സാദൃശ്യം വഹിച്ചതുപോലെ സ്വർഗ്ഗീ
യന്റെ സാദൃശ്യവും വഹിക്കും.
50സഹോദരരേ, മാംസരക്തങ്ങൾക്കു
ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമ
ല്ലെന്നു ഞാൻ പറയുന്നു; നശ്വരമായത് അനശ്വ
രതയെ അവകാശമാക്കുകയില്ല. 51ശ്രദ്ധിക്കു
വിൻ, ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം.
നാം എല്ലാവരും നിദ്രപ്രാപിക്കുകയില്ല.
52എന്നാൽ അന്ത്യകാഹളധ്വനിയിൽ,
മിന്നൽവേഗത്തിൽ, കണ്ണിമയ്ക്കുന്നതിനിടയിൽ
നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വ
നിക്കും; മരിച്ചവർ അക്ഷയരായി ഉയിർപ്പിക്ക
പ്പെടും; നാം രൂപാന്തരം പ്രാപിക്കുകയും ചെയ്യും.
53ഈ നശ്വരമായത് അനശ്വരതയെയും ഈ മർ
ത്യമായത് അമർത്യതയെയും ധരിക്കേണ്ടതാ
കുന്നു. 54ഇങ്ങനെ ഈ നശ്വരമായത് അനശ്വ
രതയെയും ഈ മർത്യമായത് അമർത്യതയെയും
ധരിച്ചുകഴിയുമ്പോൾ, "മരണത്തെ വിജയം
ഗ്രസിച്ചു"[a] എന്നു എഴുതിയ വചനം നിറവേറും.

55"ഹേ മരണമേ, നിന്റെ ജയം
എവിടെ? ഹേ മരണമേ, നിന്റെ
വിഷമുള്ള് എവിടെ?"[b]

56മരണത്തിന്റെ വിഷമുള്ളു പാപം;
പാപത്തിന്റെ ശക്തി ന്യായപ്രമാണം.
57നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖേന
നമുക്കു വിജയം നല്കുന്ന ദൈവത്തിനു സ്
തോത്രം!
58അതുകൊണ്ട് എന്റെ പ്രിയസഹോദരരേ,
നിങ്ങൾ ഉറച്ചുനില്പിൻ. ഒന്നിനാലും ഇളകിപ്പോ
കരുത്. കർത്താവിൽ നിങ്ങളുടെ അദ്ധ്വാനം
വ്യർത്ഥമല്ല എന്നറിയുന്നതു കൊണ്ടു കർത്താ
വിന്റെ വേലയിൽ എപ്പോഴും അഭിവൃദ്ധിപ്പെടു
വിൻ.

### *വിശുദ്ധർക്കുവേണ്ടിയുള്ള ധനശേഖരം*

16 വിശുദ്ധർക്കുവേണ്ടിയുള്ള ധനശേഖര
ത്തെപ്പറ്റി, ഗലാത്യസഭകളോടു ഞാൻ
നിർദ്ദേശിച്ചതുതന്നേ നിങ്ങളും ചെയ്യുവിൻ.
2ആഴ്ചയുടെ ഒന്നാംദിവസം നിങ്ങളിൽ
ഓരോരുത്തരും തങ്ങളുടെ വരുമാനം അനുസരി
ച്ച് ഒരു തുക മാറ്റിസൂക്ഷിക്കണം. എങ്കിൽ ഞാൻ
വന്നതിനുശേഷം ധനശേഖരം നടത്തേണ്ടിവരി
കയില്ലല്ലോ. 3ഞാൻ വന്നശേഷം നിങ്ങളുടെ
ദാനം യെരൂശലേമിലേക്ക് കൊണ്ടുപോകുവാൻ
നിങ്ങൾക്കു സമ്മതമുള്ളവരെ കത്തുമായി
അയയ്ക്കാം. 4ഞാനും പോകുന്നതു നല്ലതെന്നു
തോന്നിയാൽ അവർക്ക് എന്നോടുകൂടെ
പോരാം.

### *വ്യക്തിപരമായ അപേക്ഷകൾ*

5ഞാൻ മാസിഡോണിയായിൽകൂടി കടന്നു
നിങ്ങളുടെ അടുത്തെത്തും; അതുവഴിയാണു
ഞാൻ വരുന്നത്. 6ഒരുപക്ഷേ ഞാൻ കുറച്ചുകാ
ലം നിങ്ങളോടുകൂടെ താമസിക്കും. ശൈത്യകാ
ലം മുഴുവൻ അവിടെ ചെലവഴിച്ചെന്നും വരാം.
അപ്പോൾ എന്റെ തുടർന്നുള്ള യാത്രയ്ക്കു
വേണ്ടുന്ന സഹായം ചെയ്തുതരാൻ നിങ്ങൾ
ക്കു കഴിയുമല്ലോ. 7യാത്രാമധ്യേ വേഗം നിങ്ങ
ളെ കണ്ടിട്ടു മടങ്ങുവാനല്ല ഇപ്പോൾ ഞാൻ ആ
ഗ്രഹിക്കുന്നത്. കർത്താവ് അനുവദിച്ചാൽ
കുറച്ചുകാലം നിങ്ങളോടൊപ്പം പാർക്കുവാൻ
ഞാൻ ആശിക്കുന്നു. 8എന്നാൽ പെന്തക്കോ
സ്തുവരെ ഞാൻ എഫെസൊസിൽ താമസി
ക്കും. 9കാരണം, ഫലപ്രദമായ വേലയ്ക്കു
വേണ്ടി വലിയോരു വാതിൽ എനിക്കു തുറന്നു
കിട്ടിയിരിക്കുന്നു; എന്നെ എതിർക്കുന്നവരും
പലരുണ്ട്.
10തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങ
ളോടുകൂടെ നിർഭയനായി വസിക്കുവാൻ നി
ങ്ങൾ ശ്രദ്ധിക്കണം. അവനും എന്നെപ്പോലെത
ന്നേ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ.
11ആരും അവനെ അനാദരിക്കരുത്. എന്റെ
അടുക്കൽ മടങ്ങിയെത്തേണ്ടതിന് അവനെ
സമാധാനത്തോടെ യാത്ര അയയ്ക്കണം. ഞാ
നും സഹോദരന്മാരും അയാളെ കാത്തിരിക്കു
കയാണ്.
12നമ്മുടെ സഹോദരനായ അപ്പൊല്ലോ
സിന്റെ കാര്യമോ, മറ്റു സഹോദരരോടുകൂടെ
നിങ്ങളുടെ അടുത്തേക്കു വരുവാൻ ഞാൻ അവ
നെ നിർബ്ബന്ധിച്ചു. ഉടനേ വരാൻ അവനു തീരെ
താല്പര്യമില്ലായിരുന്നു. എങ്കിലും അവസരം
ലഭിക്കുമ്പോൾ അവൻ വരും.
13ജാഗ്രതയോടിരിപ്പിൻ, വിശ്വാസത്തിൽ
ഉറച്ചുനില്പിൻ, ധീരത കാണിക്കുവിൻ,
ശക്തിപ്പെടുവിൻ. 14നിങ്ങൾ ചെയ്യുന്നതെല്ലാം
സ്നേഹത്തിൽ ചെയ്യുവിൻ.
15സഹോദരരേ, അഖായയിൽ ആദ്യഫലമാ
യതു സ്തെഫാനാസിന്റെ കുടുംബമാണെന്നു
നിങ്ങൾക്ക് അറിയാമല്ലോ. വിശുദ്ധരുടെ ശുശ്രൂ
ഷയ്ക്കായി അവർ തങ്ങളെത്തന്നേ സമർപ്പിച്ചി
രിക്കുകയാണ്. 16അങ്ങനെയുള്ളവർക്കും ഈ

[a] 54 യെശയ്യാവ് 25:8 [b] 55 ഹോശേയാ 13:14

ശുശ്രൂഷയിൽ അവരോടൊപ്പം അധ്വാനി
ക്കുന്നവർക്കും നിങ്ങൾ വിധേയരായിരിക്കണ
മെന്നു ഞാൻ നിങ്ങളെ നിർബ്ബന്ധിക്കുന്നു. 17സ്
തെഫാനാസും ഫൊർത്തുനാതൊസും അഖാ
യിക്കോസും വന്നതിൽ ഞാൻ സന്തോഷി
ക്കുന്നു. എന്തെന്നാൽ നിങ്ങളുടെ കുറവ് അവർ
നികത്തി. 18അവർ എൻെറയും നിങ്ങളുടെയും
ആത്മാവിനു കുളിർമ്മ നല്കിയിരിക്കുന്നു. ഇങ്ങ
നെയുള്ളവരെ അംഗീകരിക്കുവിൻ.

*അഭിവാദനം*

19ആസ്യയിലെ സഭകൾ നിങ്ങളെ അഭിവാ
ദനം ചെയ്യുന്നു. അകിലാസും പ്രിസ്ക്കില്ലയും
അവരുടെ ഭവനത്തിൽ കൂടിവരുന്ന സഭയും
കർത്താവിൽ നിങ്ങളെ ഹൃദയപൂർവ്വം വന്ദനം
ചെയ്യുന്നു. 20ഇവിടെയുള്ള എല്ലാ സഹോദരരും
അഭിവാദനങ്ങൾ അയയ്ക്കുന്നു. വിശുദ്ധചും
ബനത്താൽ അന്യോന്യം വന്ദനം ചെയ്യുവിൻ.

21പൗലൊസ് എന്ന ഞാൻ സ്വന്തകൈയാൽ
ഈ വന്ദനം എഴുതുന്നു.

22കർത്താവിനെ സ്നേഹിക്കാത്ത ഏവനും
ശാപഗ്രസ്തൻ, കർത്താവേ, വരണമേ.

23കർത്താവായ യേശുവിൻെറ കൃപ നിങ്ങ
ളോടുകൂടെ ഉണ്ടായിരിക്കട്ടെ.

24നിങ്ങൾക്ക് എല്ലാവർക്കും ക്രിസ്തുയേശു
വിൽ എൻെറ സ്നേഹം, ആമേൻ.